

# ക്രൈസ്തവ വനിത

November - December 2019

A fundamental Christian bi-monthly publication of the women, by the women, for the family

2019
November - December

Volume XII
Issue 6

# ക്രൈസ്തവ വനിത

## താളുകൾ മറിക്കുമ്പോൾ


| | | | | |
|---|---|---|---|---|
| ■ | നീതിപ്രസംഗിയായ നോഹ | – | മേരി അഞ്ചൻ | 1 |
| ■ | കുശവന്റെ വീട്ടിലെ കാഴ്ചകൾ | – | ജെസി ബെൻസെൻ | 3 |
| ■ | ഭയം മനുഷ്യന്റെ ഏറ്റവും വലിയ ശത്രു | – | എൽസി ബേബി | 4 |
| ■ | കണ്ണീർക്കയത്തിൽ സാന്ത്വനമായി ഇറങ്ങി വന്നവൻ | – | എൽസി തോമസ് | 6 |
| ■ | പ്രാർത്ഥനയ്ക്കു മറുപടി നല്കുന്ന ദൈവം | – | മോളിക്കുട്ടി ചാക്കോ | 9 |
| ■ | ആൾക്കൂട്ടത്തിൽ തനിയെ | – | ഡോ. കുഞ്ഞുമോൻ ചാക്കോ | 11 |
| ■ | സ്വന്തം നാടില്ലാത്ത ഒരു പെൺകുട്ടിയുടെ കഥ | – | ജോർജ് ജോൺ | 15 |
| ■ | വിശ്വസ്തത | – | യോഹന്നാൻ എബ്രഹാം | 18 |
| ■ | ഇതു അന്ത്യകാലം: സഭാ ലക്ഷണങ്ങൾ | – | പാസ്റ്റർ ജോസഫ് ഇടക്കാട്ടിൽ | 19 |
| ■ | മാതാപിതാക്കളുടെ ദുർമ്മോഹത്തിന്റെ ബലിയാടുകൾ | – | ഡോ. ചാൾസ് ജോൺ | 21 |
| ■ | Quest -68 | - | cover | 3 |


ക്രൈസ്തവ വനിതയിൽ പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിലെ ആശയങ്ങളുടെ ഉത്തരവാദിത്തം ലേഖനകർത്താക്കൾക്കാണ്. - എഡിറ്റർ

ലേഖനങ്ങൾ, കത്തുകൾ എന്നിവ
**ക്രൈസ്തവ വനിത, ഗുഡ് ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം 695011**
എന്ന വിലാസത്തിൽ സദയം അയയ്ക്കുക

**CHRISTIAN WOMAN**
*For private circulation only*

**Editorial Board**

Founder Editor
**Annamma Charles John**

Chief Editor
**Mrs. Mary Anchan**

Associate Editor
**Mrs. Sherine Kingston**

Sub Editor
**Mrs. Sobha Selin**

Telephone: 0471-2448079
E-mail: chasjohn@gnmindia.org
Mob: 9446548079

എഡിറ്റോറിയൽ

# നീതിപ്രസംഗിയായ നോഹ

## (2 പത്രൊസ് 2:5)



**നോഹ** എന്ന പുരുഷനെ നാം ആദ്യമായി കാണുന്നത് അഞ്ഞൂറാമത്തെ വയസ്സിലാണ്. ദൈവത്തോടുകൂടെ നടന്ന് മരണം കാണാതെ എടുക്കപ്പെട്ട ഹാനോക്ക് നോഹയുടെ പ്രപിതാമഹൻ ആയിരുന്നു. ഹാനോക്കിന്റെ കാലത്തേക്കാളും ദുഷിച്ച ഒരു തലമുറയിലായിരുന്നു നോഹ ജനിച്ചതെങ്കിലും, ദൈവത്തോടുകൂടെ നടന്ന രണ്ടാമത്തെ ആൾ നോഹ ആയിരുന്നു (ഉത്പ:6:9). ഭൂതലത്തിൽ ദുഷ്ടത നാൾക്കുനാൾ വർദ്ധിച്ചതിനാൽ മനുഷ്യനെ സൃഷ്ടിക്കകൊണ്ട് ദൈവം അനുതപിച്ചു എന്ന് കാണുന്നു(6:7). നീതിമാർഗ്ഗത്തിലും, ദൈവസാമീപ്യത്തിലും ജീവിച്ച നോഹയെയും കുടുംബത്തെയും ഒഴിച്ച് സകല ജഡത്തെയും ജലപ്രളയംമൂലം നശിപ്പിക്കുവാൻ ദൈവം നിശ്ചയിച്ചു. അതിൽനിന്നും രക്ഷപ്പെടാനായി അതിബൃഹത്തായ ഒരുപെട്ടകം നിർമ്മിക്കുന്ന ദൗത്യം നോഹയെ ഏല്പിച്ചു.

വരുവാനിരിക്കുന്ന ജലപ്രളയത്തിൽ നിന്ന് രക്ഷപ്പെടാൻ ഒരു പെട്ടകം! ഒന്നാമതായി, അന്നുവരെ ലോകത്തിൽ മഴയുണ്ടായിട്ടില്ല. നോഹയ്ക്ക് മാനുഷികരീതിയിൽ ചിന്തിക്കാമായിരുന്നു. മഴയുണ്ടാകാതെ ജലപ്രളയം എങ്ങനെ ആണ് ഉണ്ടാകുന്നത്. പെട്ടകം ഉണ്ടാക്കിയില്ലെങ്കിലും ഒന്നും വരാൻ പോകുന്നില്ല! എന്നാൽ, ദൈവത്തോടുകൂടെ നടന്ന നോഹയ്ക്ക് യാതൊരു സംശയവുമുണ്ടായില്ല. ദൈവകല്പന ലഭിച്ചതോടെ, പെട്ടകം നിർമ്മിക്കുവാനുള്ള സംരംഭമായി.

ലോകചരിത്രത്തിന്റെ ആരംഭദശയിൽത്തന്നെ ബാബിലോന്യർ ബോട്ടുകൾ നിർമ്മിച്ചിരുന്നുവെന്ന് അക്കാലത്തെ cuneiform (ക്യൂണിഫോം) എഴുത്തുകളിൽനിന്ന് (നാരായംകൊണ്ട് കളിമണ്ണിലും മറ്റും ആശയവിനിമയം പ്രകടമാക്കുന്ന ചിത്രങ്ങളും വരകളും മൂലം) ഗവേഷകർ കണ്ടുപിടിച്ചിട്ടുണ്ട്. ഇപ്രകാരം Halley's Bible Hand Book രേഖപ്പെടുത്തിയിരിക്കുന്നു. ബാബിലോന്യ ചരിത്രമനു സരിച്ച് നോഹ യൂഫ്രട്ടീസ് നദീതീരത്ത്, ഏദെൻ തോട്ടത്തിൽ നിന്നും 70 മൈൽ ദൂരെ ഫാറാ (Fara) എന്ന സ്ഥലത്ത് ജീവിച്ചിരുന്നതിനാൽ ചെറുപ്പം മുതലേ ബോട്ടുനിർമ്മാണത്തിന് പരിശീലനം ലഭിച്ചിരുന്നു.

പെട്ടകം നിർമ്മിക്കാനുള്ള നോഹയുടെ ഒരുക്കങ്ങൾ കണ്ട് ജനങ്ങൾ അയാളുടെ അടുത്തുകൂടി താൻ എന്താണ് ചെയ്യുന്നത് എന്ന് തീർച്ചയായും ചോദിച്ചിരിക്കാം. വരുവാനിരിക്കുന്ന ജലപ്രളയത്തെക്കുറിച്ചും, അതിൽനിന്ന് രക്ഷപ്രാപിപ്പാൻ ദൈവം നിശ്ചയിച്ചിരിക്കുന്ന ഏകമാർഗ്ഗമായ പെട്ടകത്തെക്കുറിച്ചും നോഹ അവരോടു പറഞ്ഞപ്പോൾ അവൻ പരിഹാസപാത്രമായി. ഒരാൾ തനിയെ ചെയ്യാവുന്ന ഒരു ജോലി അല്ലാഞ്ഞതിനാൽ, നോഹ അനേകകൂലിവേലക്കാരെയും സഹായത്തിന് ഏർപ്പെടുത്തിയിരിക്കും. അവർക്കും നോഹയുടെ പ്രസംഗത്തിൽ വിശ്വാസമുണ്ടായിരുന്നില്ല. 120 വർഷക്കാലം പെട്ടക നിർമ്മാണത്തിലേർപ്പെട്ടിരുന്ന നോഹ ജലപ്രളയത്തെക്കുറിച്ചും, വരാൻപോകുന്ന ന്യായവിധിയെക്കുറിച്ചും ഘോഷിക്കുന്ന ഒരു പ്രസംഗകൻ കൂടെ ആയിരുന്നു. നീതിപ്രസംഗിയായ നോഹ ഇക്കാലമത്രയും പരിഹാസം സഹിച്ചു; എങ്കിലും ദൈവത്തിലുള്ള അഭംഗുരമായ വിശ്വാസത്തിന് ഒരു ഭംഗവും സംഭവിച്ചില്ല. ദൈവം തന്നോടു നേരിട്ട് കല്പിച്ചതാണെന്നും പറഞ്ഞ് ജലപ്രളയത്തിൽനിന്നും രക്ഷപ്പെടാനായി പെട്ടകം പണിയിലേർപ്പെട്ടിരുന്ന നോഹ എന്ന "കിറുക്കനെ" കാണാൻ ദുഷ്ടന്മാരും, പരിഹാസികളും അടുത്തുകൂടിയിരിക്കും!

എന്നാൽ ദൈവത്തോടുകൂടെ നടന്ന നോഹ ലോകമാലിന്യമേല്ക്കാത്തവനായിരുന്നു. കൂടാതെ തന്റെ കുടുംബത്തിൽ നല്ല സാക്ഷ്യമുണ്ടായിരുന്നതിനാൽ തന്റെ വാക്കുകൾ കുടുംബാംഗങ്ങളും വിശ്വസിച്ചു; ജലപ്രളയത്തിൽനിന്നു രക്ഷപ്പെട്ടു. സോദോം ഗോമൊറയുടെ ഉന്മൂലനാശം സംഭവിച്ചതിന് മുമ്പ് ലോത്ത് തന്റെ മരുമക്കൾക്കു മുന്നറിയിപ്പു നല്കി; എങ്കിലും അവർ വിശ്വസിച്ചില്ല. അവൻ കളിവാക്കു പറയുന്നുവെന്ന് മരുമക്കൾക്ക് തോന്നി. പെൺമക്കൾ രക്ഷപ്പെട്ടെങ്കിലും, അവരുടെ പില്ക്കാലത്തെ ജുഗുപ്സാവഹമായ പെരുമാറ്റം അധിക്ഷേപാർഹമായിരുന്നു. എന്നാൽ ദൈവം തന്റെ “സ്നേഹിതനായ” അബ്രാഹാമിനെ ഓർത്തു ലോത്തിനെ വിടുവിച്ചു എന്നു നാം വായിക്കുന്നു (ഉത്പ.19:29).

ദൈവത്തോടുകൂടെ നടന്ന ഹാനോക്കിന് മരണം കാണാതെ എടുക്കപ്പെട്ടു എന്ന പദവി ലഭിച്ചെങ്കിൽ, നോഹയ്ക്ക് ഇന്ന് ലോകത്തിലുള്ള സകല മനുഷ്യജാതിയുടെയും മൂലപിതാവ് ആകാനുള്ള പദവിയാണ് ലഭിച്ചത്. കൂടാതെ യഹോവയായ ദൈവം നോഹയോട് ഒരു നിത്യനിയമം (covenant) ചെയ്തതായി കാണുന്നു (ഉത്പ.9:11) ഹാനോക്കിന്റെയും, നോഹയുടെയും കാലത്തേതിലും അനേക മടങ്ങു ദുഷ്ടതയിൽ, ദൈവത്തെ ഭയവും മനുഷ്യനെ ശങ്കയുമില്ലാത്ത ഒരു തലമുറയിലാണ് നാം ഇന്നു ജീവിക്കുന്നത്. വരുവാനുള്ള ദൈവകോപത്തിൽനിന്നും രക്ഷപെടാനുള്ള ഏകമാർഗ്ഗം കർത്താവായ യേശുക്രിസ്തു മാത്രമാണ്. “യേശു അവനോട്: ഞാൻ തന്നേ വഴിയും, സത്യവും, ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല” (യോഹ 14:6). നമ്മുടെ രക്ഷാസ്ഥാനമാകുന്ന ‘‘പെട്ടകം’’ യേശുക്രിസ്തുവാണ്. ഒരുനാൾ വാതിൽ അടയ്ക്കപ്പെടും. അനന്തരം ആരും രക്ഷ പ്രാപിക്കയില്ല; നിത്യനാശത്തിലേക്ക് പോകയാണ് ചെയ്യുന്നത്. നമ്മുടെ രക്ഷയ്ക്കായി സ്വപ്രാണനെ ത്യജിച്ച ആ രക്ഷകനിൽ വിശ്വസിക്കുകയും അവനിൽത്തന്നെ ആശ്രയിക്കുകയും ചെയ്യാം. ഇപ്പോഴാണ് സുസന്ദർഭം. നാളെത്തേക്ക് മാറ്റിവയ്ക്കരുതേ. ഒരു പക്ഷെ ഇന്നു നാം ഈ ലോകം വിട്ടുപോകേണ്ടതായി വരും. നിത്യത എവിടെയാണ് കഴിക്കുന്നത് എന്നുള്ളതു നമ്മുടെ ഇപ്പോഴത്തെ തീരുമാനത്തെ ആശ്രയിച്ചിരിക്കും. കർത്താവു നമുക്കു കൃപ നല്കട്ടെ.

മേരി അഞ്ചൻ, തുംകൂർ
ചീഫ് എഡിറ്റർ

---

## Quest 67 ന്റെ ശരി ഉത്തരങ്ങൾ അയച്ചവർ

1. ഏലിയാമ്മ പി.ജി. ഓമല്ലൂർ, പത്തനംതിട്ട
2. സൂസമ്മ ഏബ്രഹാം, പാമ്പാടി, കോട്ടയം
3. ഗ്രേസ് ശാമുവേൽ, ഓമല്ലൂർ, പത്തനംതിട്ട
4. അന്നമ്മ എബ്രഹാം, പെരുമാന്നൂർ, കൊച്ചി.
5. ജെസ്സി മോൻസൺ, കരിയംപ്ലാവ്,
6. ഗ്രേസിക്കുട്ടി തോമസ്, ഓമല്ലൂർ, പത്തനംതിട്ട
7. മോളിക്കുട്ടി ചാക്കോ, പടിയോട്ടുചാൽ, കണ്ണൂർ
8. മഹേശ്വരി പുരന്ദരൻ, കൊടുങ്ങല്ലൂർ, തൃശ്ശൂർ
9. എൽസി തോമസ്, മീൻതുള്ളി, കണ്ണൂർ
10. ജോളി അബ്രഹാം, കാട്ടുമുണ്ട, മലപ്പുറം
11. സി.എം.മാമ്മൻ, അണുശക്തി നഗർ, മുംബൈ
12. മേഴ്സി രാജൻ ബാബു, ശ്രീകാര്യം, തിരുവനന്തപുരം
13. ഓമന ജോൺ, പോങ്ങുംമൂട്, തിരുവനന്തപുരം
14. ജിജി റോയി, മാഞ്ഞൂർ, കോട്ടയം.
15. കെ.വി.ലീല, പുളിക്കൽ കവല, കോട്ടയം
16. ബിന്ദു സി.എസ്., വഞ്ചിയൂർ, തിരുവനന്തപുരം
17. ലതാ രവി, ബോംഗേഗാവ്, ആസ്സാം
18. തങ്കമ്മ ദാനിയേൽ, കിഴക്കുംപാട്ടുകര, തൃശ്ശൂർ

Quest 67-ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി. വിജയികൾക്കു ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.
-ക്വിസ് മാസ്റ്റർ

# കുശവന്റെ വീട്ടിലെ കാഴ്ചകൾ

ജെസി ബെൻസെൻ, കൊച്ചി



യഹൂദാജനത്തെ സംബന്ധിച്ച ദൈവിക അരുളപ്പാട് യിരെമ്യാവിനെ അറിയിക്കേണ്ടതിന് ദൈവം കുശവന്റെ വീട്ടിലേക്ക് എത്തിച്ചേരുവാൻ അവനോടു കല്പിച്ചു. ''നീ എഴുന്നേറ്റു കുശവന്റെ വീട്ടിലേക്കു ചെല്ലുക; അവിടെവെച്ചു ഞാൻ നിന്നെ എന്റെ വചനങ്ങളെ കേൾപ്പിക്കും'' (യിരെമ്യാവ് 18:2) എന്നിങ്ങനെയാണ് ദൈവം അവനോട് കല്പിച്ചത്.

യിരെമ്യാവ് അവിടെ ചെല്ലുമ്പോൾ കാണുന്ന കാഴ്ചയിലൂടെ ജനത്തിന്റെ ഭാവി സംബന്ധിച്ച അത്യുന്നതമായൊരു വാഗ്ദാനമാണ് ദൈവം നല്കിയത്. "കുശവൻ കളിമണ്ണുകൊണ്ട് ഉണ്ടാക്കിയ പാത്രം അവന്റെ കൈയിൽ ചീത്തയായിപ്പോയി. എന്നാൽ കുശവൻ അതിനെ തനിക്കു തോന്നിയതുപോലെ മറ്റൊരു പാത്രമാക്കിത്തീർത്തു''. ദൈവവും യിരെമ്യാവും തന്നെ വീക്ഷിച്ചുകൊണ്ടിരിക്കയാണെന്നു അറിയാതെയാണ് കുശവൻ തന്റെ പണി ചെയ്തുകൊണ്ടിരുന്നത്. ദൈവത്തിന്റെ അറിവോടും, സമ്മതത്തോടും കൂടെയാണ് തന്റെ പാത്രം ചീത്തയായിപ്പോയതെന്നും അവൻ അറിഞ്ഞിരുന്നില്ല. വളരെ സാവധാനതയോടും സംയമനത്തോടും കൂടെ അയാൾ അതിനെ തനിക്കു തോന്നിയതുപോലെ മറ്റൊരു പാത്രമാക്കിത്തീർത്തു.

ഈ കുശവൻ ചെയ്തതുപോലെ തന്റെ ജനത്തോടു ചെയ്‌വാൻ തനിക്കു കഴിയുമെന്ന് അവരെ ഗ്രഹിപ്പിക്കുകയായിരുന്നു ദൈവത്തിന്റെ ഉദ്ദേശ്യം. കുശവന്റെ കൈയിലെ പാത്രം നിർമ്മാണത്തിനിടെ താൻ ഉദ്ദേശിച്ച രൂപഭംഗി കൈവരിച്ചില്ലെങ്കിലോ ചീത്തയായെങ്കിലോ കുശവൻ അതേ കളിമണ്ണ് ഉപയോഗിച്ച് മറ്റൊരു പാത്രം രൂപപ്പെടുത്തുന്നതുപോലെ, യിസ്രായേൽ ജനവും ദൈവം ആഗ്രഹിച്ച നിലവാരത്തിലേക്ക് ഉയരാതിരുന്നതിനാൽ താൻ അവരെ തള്ളിക്കളയാതെ തൊട്ടടുത്ത നല്ല സാധ്യതയിലേക്ക് അവരെ നയിക്കുവാൻ സന്നദ്ധനാണെന്നു വെളിപ്പെടുത്തുന്നു. അവരുടെ ദുർമാർഗ്ഗത്തിലും അവരെ തള്ളിക്കളയാതെ മാനസാന്തരപ്പെടുവാനുള്ള അവസരം നല്കുന്നു. കുശവന് കളിമണ്ണിന്മേൽ അധികാരവും, ഓരോ പാത്രത്തിന്റെയും രൂപഭംഗിയും വലുപ്പവും ഉപയോഗവും സംബന്ധിച്ച് വ്യക്തമായ ധാരണയും ഉള്ളതുകൊണ്ട് ഒരേ കളിമണ്ണു തന്നെ മറ്റൊരു പാത്രമായി രൂപാന്തരപ്പെടുത്തുവാൻ അനായാസം കഴിയും. ദൈവത്തിനു തന്റെ ജനത്തെയും അപ്രകാരം ഉപയോഗിക്കുവാൻ കഴിയും എന്നു യിരെമ്യാവു മുഖാന്തരം ജനത്തെ ഗ്രഹിപ്പിക്കേണ്ടതിനായിരുന്നു ആ പാത്രം ചീത്തയായിപോകുവാൻ ദൈവം അനുവദിച്ചത്.

തന്റെ കൈകളിലൂടെ രൂപഭംഗി വന്നുകൊണ്ടിരുന്ന പാത്രം ചീത്തയായിപ്പോയപ്പോൾ കുശവൻ കോപിച്ചില്ല. കളിമണ്ണ് വലിച്ചെറിഞ്ഞില്ല. എന്തുകൊണ്ടാണ് ഇങ്ങനെയൊക്കെ സംഭവിക്കുന്നതെന്നു പറഞ്ഞു പിറുപിറുത്തില്ല. നിരാശയോടെ വേല അവസാനിപ്പിച്ചില്ല. വളരെ കൃപയോടും സാവധാനതയോടും ശാന്തതയോടുംകൂടെ താൻ ചെയ്തുകൊണ്ടിരുന്ന വേലയിൽ തന്നെ തുടർന്നു.

*ശേഷം 8-ാം പേജിൽ*

# ഭയം മനുഷ്യന്റെ ഏറ്റവും വലിയ ശത്രു

എൽസി ബേബി, ന്യൂ യോർക്ക്



**ഇ**ന്നു ലോകത്തിൽ കാണുന്ന പല പ്രശ്നങ്ങളുടേയും അടിസ്ഥാനം 'ഭയ'മാകുന്നു. പലരോഗങ്ങൾക്കും, മരണങ്ങൾക്കും, ആത്മഹത്യകൾക്കും മറ്റും മനുഷ്യനെ അടിമകളാക്കുന്നതു 'ഭയ'മാകുന്നു. 'ഭയ'ത്തിന്റെ ഉത്ഭവം പാപത്തിൽ നിന്നുമാകുന്നു. ആദിയിൽ ദൈവം സൃഷ്ടിച്ച ആദാമും ഹവ്വായും ദൈവകല്പന ലംഘിച്ചതിന്റെ ഫലമായി, അഥവാ പാപം ചെയ്തതിന്റെ ഫലമായി അവന്റെ ഉള്ളത്തിൽ കടന്നുകൂടിയ അപകട വികാരമാകുന്നു 'ഭയം'. "നീ എവിടെ?" എന്നു ചോദിപ്പോൾ ആദാമിന്റെ മറുപടി "തോട്ടത്തിൽ നിന്റെ ഒച്ച കേട്ടിട്ട് ഞാൻ... ഭയപ്പെട്ട് ഒളിച്ചു" എന്നായിരുന്നു. ഇന്നും മനുഷ്യൻ ഏതെങ്കിലും ഒച്ചകേട്ടാൽ ഞെട്ടി ഭയപ്പെടുന്നു. ഭയം മനുഷ്യനെ പല അപകടങ്ങളിലും അകപ്പെടുത്തും എന്നതിനു സംശയം വേണ്ട. എന്നാൽ ദൈവം മനുഷ്യനോട് "ഭയപ്പെടേണ്ട" എന്ന് 365 പ്രാവശ്യം കല്പിച്ചിരിക്കുന്നതായി തിരുവചനം പറയുന്നു. ദിവസത്തിൽ ഒരു പ്രാവശ്യമെങ്കിലും 'ഭയപ്പെടേണ്ട' എന്നരുളിച്ചെയ്യുന്ന ദൈവശബ്ദം കേട്ടു വിശ്വസിച്ചാൽ ഭയം നീങ്ങി പോകും. പക്ഷിമൃഗാദികളെ നോക്കൂ അവയ്ക്കു യാതൊരു ചിന്താകുലങ്ങളോ ഭയങ്ങളോ ഇല്ല. ഒരിക്കൽ രണ്ടു 'കുരുവി' പക്ഷികൾ ഒരു വൃക്ഷക്കൊമ്പിലിരുന്ന് അന്യോന്യം ചോദിക്കുന്നത് ഇങ്ങനെ. "ഈ കാണുന്ന മനുഷ്യരൊക്കെ എന്തിനാണ് ഇങ്ങനെ ഭയപ്പെട്ടു ചഞ്ചലപ്പെടുന്നത്?'' മറ്റേ പക്ഷി പറഞ്ഞു ''അതോ അവർക്കു നമ്മെ കരുതുന്നതുപോലെ ഒരു ദൈവമില്ലാത്തതുകൊണ്ടാകുന്നു''! എത്ര വാസ്തവം! ആകാശത്തിലെ പറവകളെയും, വയലിലെ പുഷ്പങ്ങളെയും മറ്റും കരുതുന്ന ദൈവം തന്റെ സൃഷ്ടികളായ മനുഷ്യരെ കരുതാതിരിക്കുമോ? സർവ്വശക്തനായ ദൈവത്തിൽ പൂർണ്ണവിശ്വാസവും, ആശ്രയവും സമർപ്പിച്ചു കഴിയുന്ന മനുഷ്യർക്കു ഭയം കാണുകയില്ല. കാരണം തങ്ങളെ സൃഷ്ടിച്ച ദൈവം ജീവിതാന്ത്യം വരെ കരുതും എന്ന വിശ്വാസം! ഇന്ന് ലോകം ആകമാനം യുദ്ധങ്ങളെക്കുറിച്ചും, പ്രകൃതിക്ഷോഭങ്ങളെക്കുറിച്ചും, അനിഷ്ട സംഭവങ്ങളെക്കുറിച്ചും കേൾക്കുമ്പോൾ ഭയചകിതരായ്, ആകുല ചിത്തരായി കഴിയുന്നത് എത്രയോ പരിതാപകരമാകുന്നു. ഒരിക്കൽ ഒരു മാൻപേടയെക്കുറിച്ച് കേട്ട കഥ ഇത്തരുണത്തിൽ ഓർക്കുന്നു. പൂർണ്ണഗർഭിണിയായ ഒരു മാൻപേട ഒരു കുറ്റിക്കാടിന്റെ തണലിൽ തന്റെ പ്രസവകാലം സമീപിച്ചപ്പോൾ നിലയുറപ്പിച്ചു. പെട്ടെന്ന് ആകാശം കാർമേഘം കൊണ്ടു നിറഞ്ഞു. ഒരു ഇടിവാൾ മിന്നി ചുറ്റുമുള്ള കാടുകത്തുവാൻ തുടങ്ങി. അവൾ ഇടത്തോട്ടു നോക്കിയപ്പോൾ ഒരു വേട്ടക്കാരൻ തന്റെ നേരെ അമ്പെയ്യുവാൻ ഉന്നം നോക്കുന്നു. വലത്തോട്ടു നോക്കിയപ്പോൾ ഒരു സിംഹം അവളുടെ നേരെ ഓടിഅടുക്കുന്നു. അവൾ പ്രസവവേദനപ്പെട്ടു നില്ക്കുമ്പോൾ വിചാരിച്ചു. വരുന്നതു വരട്ടെ. ഞാൻ എന്റെ കുഞ്ഞിന്നു ജന്മം നല്കാൻ പോകുന്നു എന്നോർത്തു ആശ്വസിച്ചു. പെട്ടെന്ന് സംഭവിച്ചതെന്തെന്നറിയണ്ടേ? ഒരു മഴ പെയ്തതിന്റെ ഫലമായി തീയണഞ്ഞു. ഇടിമിന്നൽ വേട്ടക്കാരന്റെ കണ്ണു ഇരുട്ടാക്കി ഉന്നം തെറ്റി സിംഹത്തിന്റെ മേൽ അമ്പെയ്തു

സിംഹം ചത്തുവീണു. അവൾ ഒരു മാൻപേടയെ പ്രസവിച്ചു. നോക്കുക, പ്രകൃതിയെ നിയന്ത്രിക്കുന്ന സ്വർഗ്ഗസ്ഥപിതാവിന്റെ അത്ഭുതകരുതൽ വനത്തിലെ ഒരു മാൻപേടയെ കരുതിയെങ്കിൽ ദൈവം തന്റെ സ്വരൂപത്തിൽ സൃഷ്ടിച്ച മനുഷ്യനെ കരുതാതിരിക്കുമോ? പിന്നെ എന്തുകൊണ്ടാണ് ഈ കാണുന്ന ദുരന്തങ്ങൾ എന്നു ചോദിച്ചേക്കാം. ശരിയാണ് ഇന്നു ലോകം ദൈവത്തെ മറന്നും, ദൈവത്തെ ഉപേക്ഷിച്ചും ദൈവശക്തിയിൽ വിശ്വസിച്ചാശ്രയിക്കാതെ സ്വന്തം ബുദ്ധിയിലും, ശക്തിയിലും ആശ്രയിച്ച്, ഊമവിഗ്രഹങ്ങളിലും, മിഥ്യാമൂർത്തികളിലും തങ്ങളുടെ വിശ്വാസവും ആശ്രയവും സമർപ്പിച്ചതിന്റെ ഫലം! ദൈവത്തിന്നു വിരോധമായി ഇന്നു മനുഷ്യർ കാട്ടിക്കൂട്ടുന്ന അതിക്രമങ്ങൾക്കും, ലംഘനങ്ങൾക്കും, പാപങ്ങൾക്കും വല്ല കണക്കുമുണ്ടോ? എവിടെ നോക്കിയാലും അനീതിയും, അക്രമങ്ങളും, കൊള്ളരുതായ്മകളും, കാപട്യങ്ങളും ഹൃദയമില്ലാത്ത പ്രവൃത്തികളുമല്ലേ നമ്മുടെ ചുറ്റുപാടും നാം കാണുന്നത്? ഭക്ഷണസാധനങ്ങളിലും മറ്റും മായം ചേർത്ത് എത്ര എത്ര ജീവിതങ്ങളെയാണ് തകർത്തു കളയുന്നത്? കുടുംബജീവിതങ്ങളിൽ ഭിന്നതകൾ വഴക്കുകൾ, വിവാഹജീവിതങ്ങൾ പാപപങ്കിലങ്ങളായി വിവാഹമോചനങ്ങൾ, അതുമൂലം കഷ്ടങ്ങളനുഭവിക്കുന്ന അനാഥകുഞ്ഞുങ്ങൾ! നമ്മുടെയൊക്കെ ഭരണാധികാരികൾ മുതൽ, മതാദ്ധ്യക്ഷന്മാരും, ഉപദേഷ്ടാക്കന്മാരും മറ്റും കാട്ടിക്കൂട്ടുന്ന കാപട്യങ്ങൾക്കും വഞ്ചനകൾക്കും മറ്റും വല്ല കണക്കും ഉണ്ടോ? ജാതി ജാതിയോടും രാജ്യം രാജ്യത്തോടും യുദ്ധം ചെയ്യുന്നു. മനുഷ്യർ സ്വസ്നേഹികളായി സ്വാർത്ഥമതികളായി, ധനസമ്പാദനത്തിനായി ഏതു വഞ്ചനയും, കാപട്യങ്ങളും കാണിക്കാൻ മടിയില്ലാത്ത അവസ്ഥ! ജീവനുള്ള ദൈവത്തെ ഉപേക്ഷിച്ച് ദൈവവിരോധിയായ പിശാചിന്റെ തന്ത്രങ്ങളിൽ കുടുങ്ങി അധർമ്മങ്ങൾ പ്രവർത്തിക്കുന്നതിന്റെ ശിക്ഷയാണ് നാം ഇന്നു അനുഭവിക്കുന്ന അനർത്ഥങ്ങൾ എന്നോർക്കുക. ദൈവത്തെ ഭയപ്പെട്ട്, അവന്റെ കല്പനകൾ പ്രമാണിച്ചു ജീവിക്കുന്നതുപോലെ ധന്യമായ ഒരു ജീവിതം വേറെ ഇല്ല. അങ്ങനെ ജീവിക്കുന്ന ഒരു ചെറിയ കൂട്ടം, എക്കാലത്തും ഭൂമിയിലുണ്ടായിരിക്കും. അവരെ ദൈവം തന്റെ കരുണയാൽ കടാക്ഷിക്കും. ലോകസംഭവങ്ങളൊന്നും അവരെ അലട്ടുകയില്ല. മുമ്പേ ദൈവത്തിന്റെ രാജ്യവും നീതിയും മാത്രം അന്വേഷിച്ച് സർവ്വശക്തനായ ദൈവത്തിൽ പൂർണ്ണ വിശ്വാസവും, ആശ്രയവും സമർപ്പിച്ചു കഴിയുന്ന ദൈവമക്കൾക്ക് യാതൊരു ഭയവുമില്ല. അവരെ കരുതുന്ന ദൈവം സർവ്വശക്തനും, കരുണാമയനും സ്നേഹസമ്പൂർണ്ണനുമാകുന്നുവെന്ന് വിശ്വസിക്കുന്ന യഥാർത്ഥ ദൈവവിശ്വാസികൾ. മരണത്തെ അവർക്കു ഭയമില്ല. കാരണം മരണാനന്തരം അവർ പ്രവേശിക്കുന്നത് നിത്യസൗഭാഗ്യജീവിതത്തിലേക്കാകുന്നുവെന്ന വിശ്വാസവും പ്രത്യാശയും. "ദൈവം നമ്മുടെ സങ്കേതവും ബലവുമാകുന്നു. കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു. അതുകൊണ്ട് ഭൂമിമാറിപ്പോയാലും പർവ്വതങ്ങൾ കുലുങ്ങി സമുദ്രമദ്ധ്യേ വീണാലും... നാം ഭയപ്പെടുകയില്ല" എന്നാണ് അവർ ലോകത്തോടു പറയുന്നത്. അത്യുന്നതന്റെ മറവിൽ വസിക്കയും, സർവ്വശക്തന്റെ നിഴലിൻ കീഴിൽ മാത്രവും ആശ്രയിച്ചു കഴിയുന്ന ഈ ദൈവവിശ്വാസികൾ എത്ര ധന്യർ!

പ്രിയമുള്ളവരേ, കൃപയാലെ വിശ്വാസം മൂലം ദൈവപുത്രനായ ക്രിസ്തുവിൽ വിശ്വസിച്ചു സർവ്വശക്തനായ ദൈവത്തിന്റെ മക്കളായി വീണ്ടും ജനിക്കുക. തങ്ങളുടെ പാപങ്ങളെ ഏറ്റുപറഞ്ഞ് അനുതപിച്ച് ഈ ദൈവത്തിങ്കലേക്കു തിരിയുക. പിന്നെ യാതൊന്നിനേക്കുറിച്ചും, ഭയപ്പെടുകയോ, ആവലാതിപ്പെടുകയോ, ചെയ്യേണ്ടിവരികയില്ല. സമാധാനത്തോടെ ജീവിച്ചു നല്ല അന്ത്യം പ്രാപിക്കുക. ഈ ലേഖനം അതിനു സഹായമായി തീരട്ടെ! 'ഭയം' നീക്കി ധൈര്യം പ്രാപിക്കുക. ❑

# കണ്ണീർക്കയത്തിൽ സാന്ത്വനമായി ഇറങ്ങി വന്നവൻ



എൽസി തോമസ്, മീൻതുള്ളി, കണ്ണൂർ

**ക**ണ്ണീർക്കയങ്ങളിലൂടെ യാത്ര ചെയ്ത ചില വ്യക്തി ജീവിതങ്ങളെ ദൈവിക പദ്ധതിക്കായി വ്യത്യസ്ത തലങ്ങളിലൂടെ ദൈവം തിരഞ്ഞെടുത്തതായി വേദപുസ്തകം നമ്മെ കാണിച്ചുതരുന്നു. പഴയനിയമപുസ്തകത്തിലൂടെയും, പുതിയനിയമപുസ്തകത്തിലൂടെയും വേദപുസ്തകം അവരെ നമുക്ക് പരിചയപ്പെടുത്തിത്തരുന്നു.

**ഹാഗാർ:-** വേദപുസ്തകത്തിൽ ഉത്പത്തി. 21:9-17 വരെയുള്ള ഭാഗങ്ങളിൽ നാം ഇപ്രകാരം കാണുന്നു. മിസ്രയീമ്യ ദാസിയായ ഹാഗാർ അബ്രഹാമിനു പ്രസവിച്ച മകൻ പരിഹാസി എന്നു സാറാ കണ്ടിട്ട് അബ്രഹാമിനോട് ദാസിയെയും മകനെയും പുറത്താക്കിക്കളക. ഈ ദാസിയുടെ മകൻ എന്റെ മകനോടു കൂടെ അവകാശിയാകരുതെന്നു പറഞ്ഞു. തന്റെ മകൻ നിമിത്തം ഈ കാര്യം അബ്രഹാമിന് അനിഷ്ടമായി. എന്നാൽ ദൈവം അബ്രഹാമിനോട്: "ബാലന്റെ നിമിത്തവും, ദാസിയുടെ നിമിത്തവും നിനക്കു അനിഷ്ടം തോന്നരുതു; സാറാ നിന്നോടു പറഞ്ഞതിലൊക്കെയും അവളുടെ വാക്കു കേൾക്ക; യിസ്ഹാക്കിൽ നിന്നുള്ളവരല്ലോ നിന്റെ സാക്ഷാൽ സന്തതിയെന്നു വിളിക്കപ്പെടുന്നതു. ദാസിയുടെ മകനെയും ഞാൻ ഒരു ജാതിയാക്കും. അവൻ നിന്റെ സന്തതിയല്ലോ" (ഉത്പ. 21:12-13).

വീണ്ടും വേദപുസ്തകത്തിൽ ഉത്പ 21:14 ൽ നാം ഇപ്രകാരം കാണുന്നു. അബ്രഹാം അതികാലത്തു എഴുന്നേറ്റു അപ്പവും ഒരു തുരുത്തി വെള്ളവും എടുത്തു ഹാഗാറിന്റെ തോളിൽവച്ചു, അവളെയും കുട്ടിയെയും പറഞ്ഞയച്ചു. അവൾ അവിടം വിട്ടുപോയി. ബെർശേബ മരുഭൂമിയിൽ ഉഴന്നുനടന്നപ്പോൾ തുരുത്തിയിലെ വെള്ളവും കൈയിലെ അപ്പവും തീർന്നുപോയി. ഭക്ഷണവും വെള്ളവുമില്ലാതെ രണ്ടുപേരും ക്ഷീണിച്ച് അവശരായിത്തീർന്നു. ഒരിറ്റുദാഹജലം തന്റെ പൊന്നോമനയ്ക്ക് നല്കുവാനില്ലാതെ അവളുടെ നെഞ്ചുപിടഞ്ഞു. എങ്ങു നിന്നുമൊരാശ്രയമില്ലാതെ അവളാകെ തകർന്നുപോയി. ഭക്ഷണവും വെള്ളവുമില്ലാതെ തന്റെ പൊന്നോമന മരിക്കുമെന്നുറപ്പായപ്പോൾ അവനെ ഒരു കുറുങ്കാട്ടിൻ തണലിൽ കിടത്തി. അവന്റെ മരണം കാണാൻ ത്രാണിയില്ലാത്ത ആ മാതാവ്. അവൻ കിടന്നതിന്റെ എതിർവശത്ത് അല്പം മാറിയിരുന്ന്. അവൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികളെയോർത്ത് നെഞ്ചുപൊട്ടി ഉറക്കെ കരഞ്ഞു. അമ്മയുടെ കരച്ചിലിനൊപ്പം കുട്ടിയുടെ കരച്ചിലിന്റെയും അലകൾ മരുഭൂമിയിൽ ഉയർന്നുപൊങ്ങി.

ദൈവം ബാലന്റെ നിലവിളി കേട്ടു. ദൈവത്തിന്റെ ദൂതൻ ആകാശത്തു നിന്നു ഹാഗാറിനെ വിളിച്ചു. ഹാഗാറെ നിനക്കെന്ത്? നീ ഭയപ്പെടേണ്ട, ബാലൻ ആയിരിക്കുന്നിടത്തു നിന്നും ദൈവം അവന്റെ നിലവിളി കേട്ടിരിക്കുന്നു. നീ ചെന്ന് ബാലനെ താങ്ങിയെഴുന്നേല്പിച്ചു കൊൾക. ഞാനവനെ വലിയൊരു ജനതയാക്കുമെന്ന് അരുളിച്ചെയ്തു. ദൈവം അവളുടെ കണ്ണു തുറന്നു. അവൾ ഒരു നീരുറവ കണ്ടു. തുരുത്തിയിൽ വെള്ളം നിറച്ചു

ബാലനെ കുടിപ്പിച്ചു. ഹാഗാറിനെ ഇങ്ങനെ കണ്ണീർ കയത്തിലൂടെ കടത്തിവിട്ടതിന്റെ പിന്നിലെ ദൈവിക ഉദ്ദേശ്യം തന്റെ മകനിലൂടെ ദൈവമൊരുക്കിയ പദ്ധതി വെളിപ്പെടുത്താനായിരുന്നു.

**2. കുരുടൻ: –** ലൂക്കൊസിന്റെ സുവിശേഷം 18:35 ൽ ഇപ്രകാരം കാണുന്നു. അവൻ യെരിഹോവിനോടടുത്തെത്തിയപ്പോൾ ജന്മനാ കുരുടനായ ഒരു മനുഷ്യൻ വഴിയരികെയിരുന്ന് ഭിക്ഷ യാചിക്കുന്നുണ്ടായിരുന്നു. ജനക്കൂട്ടം കടന്നു പോകുന്നതുകേട്ട് "ഇത് എന്ത്" എന്ന് അവൻ ചോദിച്ചു. നസ്രയനായ യേശു കടന്നു പോകുന്നുവെന്നറിയിച്ചു. അപ്പോൾ അവൻ യേശുവേ ദാവീദുപുത്രാ, എന്നോടു കരുണ തോന്നേണമേ എന്നു നിലവിളിച്ചു. മുമ്പിൽ നടക്കുന്നവർ മിണ്ടാതിരിക്കുവാൻ അവനെ ശാസിച്ചു. അവനോ ദാവീദുപുത്രാ, എന്നോടു കരുണ തോന്നണമേ എന്ന് അത്യധികം നിലവിളിച്ചു. കണ്ണീരിന്റെ മുമ്പിൽ യേശു നിന്നു. ഞാൻ നിനക്ക് എന്തു ചെയ്തുതരണമെന്നു ചോദിച്ചപ്പോൾ എനിക്ക് കാഴ്ചപ്രാപിക്കണമെന്നവൻ പറഞ്ഞു. യേശു അവനോട് കാഴ്ചപ്രാപിക്ക. നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. യേശു സാക്ഷാൽ ദൈവപുത്രനാണെന്നും സകലരോഗങ്ങൾക്കും സൗഖ്യദായകനാണെന്നും കുരുടനിലൂടെ ദൈവികപദ്ധതി ലോകം മനസ്സിലാക്കാനായിരുന്നു കുരുടനെ യേശുക്രിസ്തു സൗഖ്യമാക്കിയത്.

**3. ബെഥാന്യയിലെ ലാസറിന്റെ ഭവനം:–** യോഹന്നാന്റെ സുവിശേഷം 11:55 ൽ നാം ഇപ്രകാരം കാണുന്നു. യേശു സ്നേഹിക്കയും യേശുവിനെ സ്നേഹിക്കയും ചെയ്ത ബെഥാന്യയിലെ ലാസറിന്റെ ഭവനം. യേശുവുമായി ആഴമായ ബന്ധമുള്ള ആ ഭവനത്തിലെ പ്രിയനായവൻ രോഗിയായി കിടക്കുന്ന വിവരം ആളയച്ച് യേശുവിനെ അറിയിച്ചപ്പോൾ യേശു ആ ഭവനത്തിലേക്ക് പോകാതെ ആയിരുന്ന സ്ഥലത്തു തന്നെ പാർക്കുകയാണ് ചെയ്തത്. എന്നാൽ യേശു നാലാം ദിവസം ബെഥാന്യയിൽ ലാസറിന്റെ കല്ലറയ്ക്കൽ എത്തി. യേശു വരാൻ വൈകിയതിലുള്ള പരിഭവവും സങ്കടവും മാർത്ത പ്രകടിപ്പിക്കുന്നു. കർത്താവേ നാറ്റം വച്ചുതുടങ്ങി. എന്നാൽ യേശു സ്നേഹിക്കയും യേശുവിനെ സ്നേഹിക്കയും ചെയ്ത ആ കുടുംബത്തെ യേശുവിന്റെ സാന്നിദ്ധ്യമില്ലാതെ യേശുവിൽ നിന്നു യാതൊരു മറുപടിയുമില്ലാതെ കണ്ണീർ കയത്തിലൂടെ കടത്തി വിടണമായിരുന്നു തന്റെ പദ്ധതി നിറവേറുവാൻ. "മരിച്ചു ജീർണ്ണിച്ച മനുഷ്യ ശരീരത്തിന് ജീവൻ നല്കുമ്പോഴാണ് യേശു ദൈവപുത്രനാണെന്നുള്ള സത്യം ആർക്കും നിഷേധിക്കുവാൻ പറ്റാതെ ലോകത്തിന്റെ മുമ്പിൽ വെളിപ്പെടുന്നത്." ഈ പദ്ധതി ലാസറിന്റെ ഭവനത്തിലൂടെ നടക്കണം.

എന്നാൽ ദൈവസ്വരം കേട്ട് യേശുവിനുവേണ്ടി പ്രവർത്തിക്കുന്ന സഹോദരങ്ങൾ രോഗങ്ങളുടെയും, രോദനങ്ങളുടെയും നീർച്ചുഴിയിൽ നിസ്സഹായരായി താണുപോകുന്ന അവസ്ഥകൾ ജീവിതയാത്രയിൽ ഉണ്ടാകാറുണ്ട്. ആ ദുർഘട നിമിഷങ്ങളിൽ തങ്ങളെ രക്ഷിക്കുവാനായി യേശുവിനോട് നിലവിളിക്കും. എന്നാൽ യേശുവിന്റെ സഹായം വൈകുന്തോറും മനുഷ്യനു രക്ഷപ്പെടുത്താൻ കഴിയാത്ത കയങ്ങളിലേക്ക് അവർ താണുകൊണ്ടിരിക്കും. ആ സന്ദർഭത്തിൽ യേശുവിന്റെ സ്നേഹത്തെയും വിശ്വസ്തതയെയും കുറിച്ച് സംശയിച്ചു പോകയും അങ്ങനെയുള്ള ദുർഘട വേളകളിൽ എന്തുകൊണ്ട് ദൈവം സഹായമെത്തിക്കാത്തതെന്നുപോലും ചിന്തിച്ചു പോകുന്നു. പക്ഷേ ദൈവിക ഉദ്ദേശ്യത്തിനായിട്ടാണെന്നു നാം മനസ്സിലാക്കാറില്ല.

ഇന്ന് സംതൃപ്തിയില്ലാത്ത ജീവിതമാണ് നമുക്കു ചുറ്റും കാണുവാൻ സാധിക്കുന്നത്. തന്മൂലം പ്രതിസന്ധികളും പ്രയാസ

ങ്ങളും ഏറിവരുന്നു. മനുഷ്യർ തങ്ങളുടെ വ്യർത്ഥബുദ്ധിക്കനുസരിച്ച് പ്രതിസന്ധികളെ തരണം ചെയ്യാൻ തുടങ്ങിയപ്പോൾ എല്ലാ മേഖലയിലും പരാജയപ്പെടാൻ തുടങ്ങി.

ഇന്ന് ദൈവത്തോടു കൂടെയിരുന്ന് ദൈവഹിതമറിയുവാൻ ആരും തയ്യാറല്ല. അതുകൊണ്ട് ആത്മീയ യാത്രയിൽ കഷ്ടങ്ങളും പ്രയാസങ്ങളും നേരിടുമ്പോൾ നമ്മിലൂടെ യേശു മഹത്ത്വീകരിക്കപ്പെടുവാനും നമ്മെ നിത്യസന്തോഷത്തിന്റെ തുറമുഖത്തെത്തിക്കുവാനുമായിട്ടാണെന്നു നാമറിഞ്ഞിരിക്കണം. വേദപുസ്തകത്തിലൂടെ പരിചയപ്പെട്ട വ്യക്തി ജീവിതങ്ങൾ നമ്മെ അത് ഓർമ്മപ്പെടുത്തിത്തരുന്നു.

ആയതുകൊണ്ട് നമുക്ക് പ്രാർത്ഥനാനിരതരാകാം. തലമുറകളെ പ്രാർത്ഥനയാൽ ബലപ്പെടുത്താം. എല്ലാ കണ്ണീരിന്റെ അവസ്ഥകളും ദൈവമനുവദിച്ചതാണെന്നുള്ള വസ്തുത വേദപുസ്തകാടിസ്ഥാനത്തിൽ അവരെ ബോദ്ധ്യപ്പെടുത്താം. നഷ്ടപ്പെട്ടു പോകാതെ നമ്മോടൊപ്പം ചേർത്തുപിടിച്ച് സാന്ത്വനമായി ആശ്വാസമായി കൈത്താങ്ങലായി അവരോടൊപ്പം നമുക്കും നില്ക്കാം. കൂരിരുൾ താഴ്വരയിൽ കൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല" (സങ്കീ. 23:4).

ദേശത്തിന്റെ കാവല്ക്കാരാക്കി നിർത്തിയിരിക്കുന്ന നമ്മോടു ദൈവം ചോദിക്കുമ്പോൾ ഉത്തരം മുട്ടാനിടയാകാതെ സഹോദരിമാരായ നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന തലമുറയെ ചേർത്തു പിടിച്ച് ദൈവസന്നിധിയിൽ ഏല്പിച്ചു പ്രാർത്ഥിക്കുവാൻ കരുണാനിധിയായ കർത്താവ് നമ്മെ എല്ലാവരെയും സഹായിക്കുകയും, ശക്തീകരിക്കുകയും ചെയ്യട്ടെയെന്നുള്ള പ്രാർത്ഥനയോടുകൂടി നിർത്തുന്നു.

❑

---

*3-ാം പേജിൽ നിന്നും തുടർച്ച (കുശവന്റെ ...)*

യിരെമ്യാവു വന്നതും പോയതും ഒന്നും അയാൾ അറിഞ്ഞില്ല. അവന് കളിമണ്ണിന്മേലുള്ള അധികാരവും കൈവഴക്കവും എത്രയെന്ന് യിരെമ്യാവിനെ ബോധ്യപ്പെടുത്തിക്കൊണ്ട് തന്റെ ജനത്തിന്മേൽ തനിക്കുള്ള അധികാരവും അവരെ രൂപാന്തരപ്പെടുത്തുവാനുള്ള മനസ്സൊരുക്കവും സന്നദ്ധതയും വെളിപ്പെടുത്തുക എന്ന ഉദ്ദേശ്യത്തിനു വേണ്ടിയായിരുന്നു ദൈവം യിരെമ്യാവിനെ അവിടെ വിളിച്ചുവരുത്തിയത്. കുശവന്റെ പ്രവൃത്തിയും പെരുമാറ്റവും സംബന്ധിച്ച് ദൈവത്തിന് ഉറപ്പുണ്ടായിരുന്നതിനാലാണ് ഈ ആത്മിക സത്യം വെളിപ്പെടുത്തുവാനുള്ള മുഖാന്തരമായി കുശവനെ ഉപയോഗിച്ചത്.

നമ്മുടെ ജീവിതത്തിലും സംഭവിച്ചുകൊണ്ടിരിക്കുന്ന സകല കാര്യങ്ങളെയും ഇപ്രകാരം ഉപയോഗിക്കുവാൻ ദൈവത്തിനു താത്പര്യമുണ്ട്. നാം അറിയാതെ തന്നെ നമ്മുടെ പെരുമാറ്റവും, ഇടപെടലും പ്രവൃത്തിയും സംസാരവും എല്ലാം നന്മയോ തിന്മയോ ആയ സന്ദേശങ്ങൾ പരത്തുന്നുണ്ട്. നമ്മുടെ പ്രായോഗികജീവിതത്തിലും കുശവൻ ചെയ്തതുപോലെ ശാന്തതയോടും സാവധാനതയോടും കൂടെ പ്രതികരിക്കുവാനും പ്രവൃത്തിയിൽ തുടരുവാനും നമുക്കു കഴിയുമോ? നമ്മുടെ ജീവിത സാഹചര്യങ്ങളിൽ വ്യാപരിക്കുന്ന ദൈവകരവും ഇടപെടലും തിരിച്ചറിയുവാൻ നമുക്കു കഴിയുന്നുണ്ടോ? എന്ത് സന്ദേശമാണ് നമ്മുടെ ജീവിതം പ്രതിഫലിപ്പിക്കുന്നത്? എന്തെന്ത് കാഴ്ചകളാണ് ദൈവം നമ്മെ നിരീക്ഷിക്കുമ്പോൾ കാണപ്പെടുന്നത്? യിരെമ്യാവിനെ കുശവന്റെ വീട്ടിലേക്ക് വിളിച്ചുവരുത്തിയതുപോലുള്ള ഒരു ഉറപ്പും ധൈര്യവും നമ്മെക്കുറിച്ച് ദൈവത്തിനുണ്ടാകുമോ? നമുക്കു ഒന്ന് സ്വയം ശോധന ചെയ്യാം. ദൈവം കൃപ നല്കട്ടെ.

❑

# പ്രാർത്ഥനയ്ക്കു മറുപടി നല്കുന്ന ദൈവം



മോളിക്കുട്ടി ചാക്കോ, കണ്ണൂർ

**ഹൃ**ദയം നുറുങ്ങിയവർക്കു യഹോവ സമീപസ്ഥൻ: മനസ്സു തകർന്നവരെ അവൻ രക്ഷിക്കുന്നു (സങ്കീ. 34:18). ജീവിതത്തിൽ അനുഭവിച്ചറിഞ്ഞ കാര്യങ്ങൾ മറ്റുള്ളവരോട് പറയുമ്പോൾ അത് നമ്മുടെ ഹൃദയത്തിന് വലിയ സന്തോഷമുള്ള കാര്യമാണ്. എന്നാൽ അതു തിരുവചനത്തിൽ നിന്നു കൂടി നമുക്ക് പ്രചോദനവും, പിന്നെയും ആവശ്യങ്ങൾ ദൈവസന്നിധിയിൽ വച്ച് കരയുവാനുള്ള ശക്തിയും തരുന്നു. ദാവീദ് പറയുന്നത് "തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ, ദൈവമേ, നീ നിരസിക്കയില്ല" (സങ്കീ 51:17). സഹോദരിമാരായ നമ്മൾ പലപ്പോഴും കുടുംബാന്തരീക്ഷത്തിലും, അതുപോലെ മറ്റുപല സാഹചര്യങ്ങളിലും പലവിധമായ മാനസികസംഘർഷം അനുഭവിക്കേണ്ടിവരുന്ന സാഹചര്യങ്ങൾ നാം അനുഭവിക്കേണ്ടിവരാറുണ്ട്. ആ സാഹചര്യങ്ങളിലൊക്കെ വേദപുസ്തകത്തിൽ നിന്ന് നമ്മുടെ ആശ്വാസത്തിന്നും, മാതൃകയ്ക്കുമായി അനേകം സ്ത്രീരത്നങ്ങളെ നമുക്ക് കാണാൻ കഴിയും. അവരിൽ ചിലരെക്കുറിച്ച് നമുക്ക് ചിന്തിക്കാം.

**1. ഹന്നാ (1 ശമു. 1:10 മുതൽ 15 വരെ)**

ഹന്നായും പെനിന്നായും എല്ക്കാനായുടെ ഭാര്യമാരായിരുന്നു. ഹന്നായ്ക്ക് മക്കൾ ഇല്ലാത്തതിനാൽ അവളുടെ പ്രതിയോഗിയായ പെനിന്ന അവളെ വല്ലാതെ മുഷിപ്പിച്ചിരുന്നു. ഹന്നാ വളരെ ഹൃദയ വേദന അനുഭവിച്ചു. തന്റെ പ്രതിയോഗിയുടെ മുമ്പിൽ നിന്നുള്ള നിന്ദ ഹന്നായെ വല്ലാതെ തളർത്തി. ഹന്നാ കരഞ്ഞും ഉപവസിച്ചും തന്റെ വിഷയങ്ങൾ ദൈവത്തോട് അറിയിച്ചു. അവളുടെ ഹൃദയം ദൈവസന്നിധിയിൽ പകർന്നുകൊണ്ടിരുന്നു. ഹന്നായുടെ ഹൃദയവേദന മനസിലാക്കിയ എല്ക്കാനാ പറയുന്ന വാക്കുകൾ വളരെ ശ്രദ്ധേയമാണ് "ഹന്നേ, നീ എന്തിനു കരയുന്നു? എന്തിനു പട്ടിണി കിടക്കുന്നു? നീ വ്യസനിക്കുന്നതു എന്തു? ഞാൻ നിനക്കു പത്തു പുത്രന്മാരെക്കാൾ നന്നല്ലയോ?" (1ശമുവേൽ. 1:8). അതേ, നമുക്ക് പത്തു പുത്രന്മാരെക്കാൾ അല്ലെങ്കിൽ ഈ ലോകത്തുള്ള എന്തിനെക്കാളും നല്ലവനായ ഒരു കർത്താവുണ്ട്. അവൻ നമ്മുടെ സകല ആവശ്യങ്ങൾക്കും മതിയായവനാണ്. അവിടെ നാം കാണുന്നത് ഹന്നായുടെ കണ്ണുനീരും, പ്രാർത്ഥനാ ശബ്ദവും ശ്രദ്ധിച്ച സ്വർഗ്ഗം അവളുടെ പ്രാർത്ഥനയ്ക്കു മറുപടിയായി ശമുവേൽ എന്ന മകനെ ദാനമായികൊടുത്ത് അവളുടെ കണ്ണീരൊപ്പി. അതേ നിങ്ങളുടെ ആവശ്യം അറിഞ്ഞ് നിങ്ങൾക്കു മറുപടി നല്കുന്ന ഒരു സ്വർഗ്ഗമുണ്ട്; ഒരു കർത്താവുണ്ട് എന്ന് ഓർക്കുക

**2. നൊവൊമി :–** രൂത്തിന്റെ പുസ്തകം ഒന്നാം അദ്ധ്യായം പഠിച്ചാൽ നമുക്ക് അവരുടെ ചരിത്രം പഠിക്കാൻ കഴിയും. ബേത്ത്ലഹെമിലുണ്ടായ ഒരു ക്ഷാമം മൂലം സമൃദ്ധിയുടെ സ്ഥലം അന്വേഷിച്ച് മോവാബിലേക്ക് ഇറങ്ങി പോയവരാണ് നൊവൊമിയുടെ കുടുംബം. അപ്പത്തിന്റെ ഭവനത്തിലുണ്ടായ ഒരു ചെറിയ ക്ഷാമം. അതുമൂലം മോവാബിലേക്ക് ഇറങ്ങിപ്പോയി. ആദ്യനാളുകൾ സമൃദ്ധിയും സന്തോഷവുമായിരുന്നു. രണ്ട് ആൺമക്കൾക്കും മോവാബ്യ ഭാര്യമാരെ കിട്ടി. ഹാ, എത്ര കഷ്ടം

ദൈവസാന്നിധ്യത്തിൽ നിന്നും അകന്നു പോകയാൽ, സന്തോഷകരമായിരുന്നത് എല്ലാം നഷ്ടമായി, ഭർത്താവ്, രണ്ടുമക്കൾ എല്ലാവരും നൊവൊമിക്കു നഷ്ടമായി. അവസാനം രൂത്ത് എന്ന മോവാബ്യ മരുമകളോടൊപ്പം ബേത്ത്ല ഹെമിലേക്ക് മടങ്ങിവന്നു. നൊവൊമിയുടെ ഹൃദയവിലാപം നമുക്ക് രൂത്ത് 1:20,21 വരെ ഉള്ള വാക്യങ്ങളിൽ വായിക്കുവാൻ കഴിയും. പ്രിയ, സഹോദരിമാരേ, അല്പം മാനസിക പ്രശ്ന ങ്ങൾ സഭയിലോ, വിശ്വാസികൾ തമ്മിലോ, ഭവനത്തിലോ ഉണ്ടാകുമ്പോൾ പഴയസ്ഥലവും പഴയ കൂട്ടുകാരുമായിരുന്നു നല്ലത് എന്ന് കരുതി മടങ്ങിപ്പോകരുത്. അങ്ങനെപോയാൽ അതിന്റെ ഫലം അതീവ ദാരുണമായിരിക്കു മെന്ന് നമുക്ക് നൊവൊമിയുടെ ചരിത്രത്തിൽ നിന്നു പഠിക്കാം.


എന്നാൽ തകർന്ന ഹൃദയത്തോടും പശ്ചാത്താപത്തോടുമുള്ള നൊവൊമിയുടെ നിലവിളി സ്വർഗ്ഗം ശ്രദ്ധിച്ചു. മാനവകുലത്തിന്റെ പാപപരിഹാരത്തിനായി കടന്നുവന്ന യേശു വിന്റെ വലിയമ്മച്ചി എന്ന പേരിന് നൊവൊമി യോഗ്യയായി തീർന്നു. തകർന്നും നുറുങ്ങിയു മിരിക്കുന്ന ഹൃദയത്തെ ദൈവമേ നീ നിരസി ക്കുകയില്ല. പ്രിയ സഹോദരിമാരേ, നിങ്ങൾ ആയിരിക്കുന്ന സാഹചര്യം ഏതുമായിക്കൊ ള്ളട്ടെ. അവിടെ നിങ്ങൾ യേശുവിന്റെ സാക്ഷി കളായിരിക്കുന്നുവെങ്കിൽ ചില മോവാബ്യ രൂത്തുമാർ യേശുവിനെ കണ്ടുമുട്ടുവാൻ ഇട യായിത്തീരും. അതിന് നമ്മൾ തടസ്സമാകാതി രിക്കാൻ പ്രാർത്ഥിക്കാം.

**3. എസ്ഥേർ: –** അഹശ്വേരോശ് രാജാവിന്റെ റാണിയായിരുന്ന (രാജ്ഞി) വസ്ഥി രാജകല്പ നയെ ലംഘിച്ചതുമൂലം തൽസ്ഥാനത്തേക്ക് അനാഥയായ എസ്ഥേർ എന്ന യഹൂദയുവതി തിരഞ്ഞെടുക്കപ്പെടാനുള്ള പ്രാഥമിക രാജ ദർശനം കഴിഞ്ഞതോടെ, എസ്ഥേറിൽ രാജാവ് സംതൃപ്തനായതായി കാണാൻ കഴിയും. ഒരി ക്കൽ അനാഥയായി വളർത്തുപിതാവായ മൊർദ്ദെഖായിയിൽ മാത്രം ആശ്രയിക്കേണ്ടവ ളായിരുന്ന എസ്ഥേർ ഒരിക്കലും ആഗ്രഹിക്കു വാൻ കഴിയാതിരുന്ന രാജ്ഞിയായി ഉയർത്ത പ്പെടുകയാണ്. ആ സമയത്ത് ദുഷ്ടനും ചതി യനുമായ ഹാമാൻ ഉപായരൂപേണ യഹൂദ വംശത്തെ മുഴുവനും ഉന്മൂലനം ചെയ്യാൻ വേണ്ടി രാജാവിൽ നിന്നും കല്പനയും വാങ്ങി ഒരുങ്ങി പുറപ്പെട്ടു കഴിഞ്ഞു. എന്നാൽ തന്റെ ജനത്തിനു നേരിടുവാൻ പോകുന്ന വിപത്തിൽ എസ്ഥേർ മനംനൊന്ത് അവരുടെ മോചനത്തി നായി ആഗ്രഹിക്കുകയും ഉപവസിച്ച് പ്രാർത്ഥി ക്കുകയും തന്റെ ജീവനെ പോലും വലുതായി എണ്ണാതെ രാജാവിനോട് തന്റെ ജനത്തിനു വേണ്ടി അപേക്ഷിക്കുകയും ചെയ്യുന്നത് കാണാം. ഒരു പക്ഷേ നാം എത്ര ഉന്നതിയിൽ എത്തിയാലും നാം എത്ര സുരക്ഷിതരായാലും എസ്ഥേറിനെപ്പോലെ, നശിച്ചുപോകുന്ന ജന ത്തിനു വേണ്ടിയുള്ള കരുതൽ ഉണ്ടായിരിക്ക ണം. നാം രക്ഷിക്കപ്പെട്ടു. എന്നാൽ ക്രിസ്തു വിനെ കൂടാതെ നശിച്ചുപോകുന്ന ആയിരക്ക ണക്കിന് ആളുകളെക്കുറിച്ചുള്ള ഹൃദയഭാരം സഹോദരിമാരായ നമുക്കു ഉണ്ടോ? ഇല്ലെങ്കിൽ അത് ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്. അവർക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

**4. യോഖേബേദ്:–** മോശെയുടെ അമ്മയായ ഈ സ്ത്രീയെ പുറ. 2:1–9 വരെ വായിച്ചാൽ മനസ്സിലാക്കാം. യിസ്രായേൽ മക്കൾക്ക് മിസ്ര യീമിൽ ജനിക്കുന്ന ആൺകുഞ്ഞുങ്ങളെ കൊല്ല ണമെന്ന രാജകല്പന നിലനില്ക്കെയാണ് യോഖേബേദ് മോശെക്കുഞ്ഞിന് ജന്മം നല്കു ന്നത്. ആ മാതാവിന്റെ ഹൃദയവേദന നമുക്ക് ഊഹിക്കുവാൻ കഴിയും. എന്നാലും ഹൃദയ ത്തകർച്ചയോടുകൂടി ദൈവമുഖത്തേക്ക് നോക്കിയപ്പോൾ ദൈവം അവർക്കു വേണ്ടി പുതുവഴി തുറന്നു. അതുമൂലം മോശെയുടെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞു എന്നതിലുപരി ലോകത്തിൽ ഒരമ്മയ്ക്കും ലഭിക്കാത്ത വലിയ പദവിക്ക് ഓഹരിക്കാരിയാവുകയും ചെയ്തു.

*ശേഷം 14-ാം പേജിൽ*

# ആൾക്കൂട്ടത്തിൽ തനിയെ



ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം

അമേരിക്കയിൽ മിഷിഗൺ സംസ്ഥാനത്തുള്ള "മോട്ടോർ സിറ്റി" എന്നറിയപ്പെടുന്ന ഡിട്രോയിറ്റ് നഗരത്തിൽ നിന്നും 'മിൽവാക്കി' യിലേക്ക് പറക്കുന്ന ഒരു വിമാനത്തിൽ ഇരുന്നുകൊണ്ടാണ് ഇതെഴുതുന്നത്. മിഷിഗണിലെ ജാക്സൺ ജയിലിൽ ഒരു ചാപ്ലെയിനുമൊത്ത് രണ്ടു മണിക്കൂർ ചെലവഴിക്കുവാൻ എനിക്കിടയായി. 1800- ൽ അധികം തടവുകാർ അവിടെ ഉണ്ടായിരുന്നു. ഐക്യനാടുകളിലെ പല ജയിലുകൾ സന്ദർശിക്കുവാനും അവിടത്തെ കാര്യങ്ങൾ കാണുവാനും പഠിക്കുവാനും ഇടയായത് എന്റെ പ്രവർത്തനത്തെ വളരെ സഹായിച്ചിട്ടുണ്ട്, സ്വാധീനിച്ചിട്ടുണ്ട്. തടവുകാരന്റെ സുരക്ഷിതത്വത്തെക്കാൾ (security) പ്രാധാന്യം നല്കുന്നത് തിരുത്തലിനാണ് (correction). സമ്പൽസമൃദ്ധമായ ഈ രാജ്യത്തും എല്ലാവർക്കും തൊഴിലും സമത്വവും ഉള്ള ഇവിടെയും ജയിലുകളുണ്ടല്ലോ? ദാരിദ്ര്യമായിരിക്കും കുറ്റകൃത്യങ്ങളുടെ അടിസ്ഥാന കാരണമെന്ന എന്റെ നേരത്തെയുള്ള അഭിപ്രായം പാശ്ചാത്യരാജ്യങ്ങളിലുള്ള ജയിലുകൾ സന്ദർശിച്ചപ്പോൾ മാറ്റി എഴുതേണ്ടി വന്നു. മനുഷ്യൻ അടിസ്ഥാനപരമായി ഒരുപോലെയാണ്. സാഹചര്യങ്ങൾ അവനെ നല്ലവനാക്കുന്നില്ല, യേശുക്രിസ്തുപറഞ്ഞ വാക്കുകൾ ഇങ്ങനെയാണ്.

**ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ "തടവുകാരെ തേടി" എന്ന പുസ്തകത്തിൽ നിന്നും**

"മനുഷ്യനിൽനിന്നും പുറപ്പെടുന്നത്രേ മനുഷ്യനെ അശുദ്ധനാക്കുന്നതു; അകത്തുനിന്ന്, മനുഷ്യരുടെ ഹൃദയത്തിൽ നിന്നുതന്നേ, ദുശ്ചിന്ത, വ്യഭിചാരം, പരസംഗം, കൊലപാതകം, മോഷണം, അത്യാഗ്രഹം, ദുഷ്ടത, ചതി, ദുഷ്കർമ്മം, വിടക്കുകണ്ണ്, ദൂഷണം, അഹങ്കാരം, മൂഢത എന്നിവ പുറപ്പെടുന്നു. ഈ ദോഷങ്ങളെല്ലാം അകത്തുനിന്ന് പുറപ്പെട്ടു മനുഷ്യനെ അശുദ്ധനാക്കുന്നുവെന്നും യേശു പറഞ്ഞു"(മർക്കൊ. 7:20-23).

യിരെമ്യാവ് എന്ന പ്രവാചകൻ പറയുന്നത് ഇപ്രകാരമാണ്: "ഹൃദയം എല്ലാറ്റിനെക്കാളും കപടവും വിഷമവുമുള്ളതു; അതു ആരാഞ്ഞറിയുന്നവൻ ആർ?"(യിരെ.17:9).

കറുത്ത വർഗ്ഗക്കാരിൽ ഒരുവൻ കൊലക്കേസിലെ പ്രതിയായി ജാക്സൺ ജയിലിലുണ്ടായിരുന്നു. ഒരു വെള്ളക്കാരിയെ ബലാത്സംഗം ചെയ്യുകയും തുടർന്ന് വെടിവച്ചു കൊല്ലുകയും ചെയ്തു എന്നുള്ളതായിരുന്നു അയാളുടെ കേസ്. ജീവപര്യന്തം തടവുശിക്ഷ എന്നതായിരുന്നു വിധി. മരണം വരെ ജയിലിൽ കിടക്കണം. ഒരു ക്രൈസ്തവ രാജ്യമെന്നറിയപ്പെടുന്ന അമേരിക്കയിൽ ഒരു ക്രൈസ്തവൻ വേറൊരു ക്രിസ്ത്യാനിയെ കൊല്ലുക. മതം മനുഷ്യനെ ഒട്ടും നന്നാക്കിയില്ല എന്നു ഞാൻ ഉറച്ചു. ഒരു ബാപ്റ്റിസ്റ്റുകാരനായ ചാപ്ലയിൻ ഈ മദ്ധ്യവയസ്കനോട് സുവിശേഷം പറയുകയും അവൻ മാനസാന്തരപ്പെടുകയും ചെയ്തിട്ട് ഒരു വർഷം തികയുന്ന ദിവസമാണ് ഞാനവിടെ ചെല്ലുന്നത്. അവൻ തന്റെ ബൈബിൾ എന്നെ ഉയർത്തിക്കാണിച്ചു. താൻ അനുഭവിക്കുന്ന സമാധാനവും സന്തോഷവും എന്നോട് അറിയിച്ചു. ഞങ്ങൾ ഒന്നിച്ചു പ്രാർത്ഥിച്ചാണ് പിരിഞ്ഞത്. 'ശ്രീയേശുനാമം

അതിശയനാമം' എന്ന പാട്ടിന്റെ ചില വരികൾ എന്റെ ഓർമ്മയിലെത്തി.

എന്റെ അടുത്തിരിക്കുന്ന യാത്രക്കാരിയെ ഹിപ്പി ഗണത്തിൽ പെടുത്തുവാൻ കഴിയും. കുളിച്ചിട്ട് ഒരു മാസമെങ്കിലും ആയിട്ടുണ്ട് എന്ന് വിളിച്ചറിയിക്കുന്ന രൂപമാണവൾക്ക്. അല്പം വസ്ത്രം വേണമെന്നല്ലാതെ വസ്ത്രധാരണത്തിന്റെ പ്രാഥമിക ഉദ്ദേശ്യം സാധിക്കണമെന്നവൾക്ക് തെല്ലും താത്പര്യമില്ലായിരുന്നു. സംസാരത്തിൽ അവൾ ഇന്ത്യയിലേക്കാണെന്നും ഹരേ കൃഷ്ണ സംഘത്തിലാണെന്നും ഒരു ഗുരുവിനെ തേടിയാണ് യാത്രയെന്നും അറിയിച്ചു. ഇൻഡ്യയിൽ ഒരു "ശ്രേഷ്ഠ ദൈവം' ഉണ്ടെന്നറിഞ്ഞുകൊണ്ടാണ് യാത്രപോലും. അശ്ലീലസാഹിത്യ ചിത്രമാസികകൾ വിടർത്തി ആർത്തിയോടവൾ വായിച്ചുകൊണ്ടിരുന്നു.

മിൽവാക്കിനഗരം എനിക്കപരിചിതമാണ്. എന്നാൽ കേരളത്തിലെ ഒരു ജയിലിൽ വച്ച് ജീവിതം പുതുക്കിപ്പണിയുവാനിടയായ ബോബി എന്ന ചെറുപ്പക്കാരൻ കുടുംബമായി അവിടെ താമസിച്ച് ജോലി ചെയ്യുന്നു. അവന്റെ നിർബന്ധപ്രകാരമാണ് ഞാൻ അവിടേക്ക് തിരിച്ചത്. തകർന്നു തരിപ്പണമായ ജീവിതത്തെ പുതുക്കിപ്പണിയുന്നതിൽ സഹായിക്കുവാൻ എനിക്കു ലഭിച്ച പദവിയെ ഓർത്ത് ഞാൻ സന്തോഷിക്കുന്നുണ്ടായിരുന്നു. ഒരാഴ്ച അവരോടൊത്ത് താമസിക്കണമെന്ന് എഴുതിയിരുന്നുവെങ്കിലും രണ്ടു ദിവസത്തെ പരിപാടിയേ എനിക്കുണ്ടായിരുന്നുള്ളു. ബോബിയെ ജയിലിൽക്കണ്ട രംഗം മുതലുള്ള പല കാര്യങ്ങൾ എന്റെ ഓർമ്മയിൽ എത്തി. വിമാനം നിലത്തിറങ്ങിയപ്പോൾ തന്നെ എന്നെ കാത്ത് ബോബി എന്ന ഒരാൾ ലൈൻ കൗണ്ടറിൽ കാത്തുനില്ക്കുന്നുണ്ട് എന്ന അറിയിപ്പ് എനിക്ക് അനൗൺസ്മെന്റിലൂടെ കിട്ടി. കൗണ്ടറിലെത്തിയ എന്നെ ബോബി ആലിംഗനം ചെയ്തു സ്വീകരിച്ചു. ഞങ്ങളുടെ കണ്ണുകളിൽ നിന്നും സന്തോഷത്തിന്റെ കണങ്ങൾ പൊഴിഞ്ഞു.

ജയിലിൽ കൊലക്കേസ് പ്രതിയായിരിക്കുമ്പോൾ ബോബി എന്ന ഈ ചെറുപ്പക്കാരനെ മാനസാന്തരത്തിലേക്ക് കൊണ്ടുവരുവാൻ എനിക്കിടെയായി. ബോബിയും നാലു സഹോദരന്മാരും അപ്പനും കൂടിയായിരുന്നു പ്രതികൾ. 'ഈ സംഭവം എന്റെ കുടുംബത്തെ തകർത്തു. 65 വയസ്സുവരെ ഞാൻ ഇങ്ങനെയല്ല ജീവിച്ചത്. പള്ളിയിൽ പതിവായി പോകും. പതാരം കൊടുക്കും. ശുശ്രൂഷകളിൽ പങ്കെടുക്കും. പ്രാർത്ഥനാക്കൂട്ടങ്ങൾ നടത്തും. എന്താണ് ദൈവം ഇങ്ങനെ വരുത്തിയത്? എനിക്കുത്തരമില്ലായിരുന്നു ആ പിതാവിന്റെ ചോദ്യത്തിന്. അദ്ദേഹം വളരെ കരയുന്നുണ്ടായിരുന്നു. ജയിലിൽ അവർ വന്നതിന്റെ 18-ാമത്തെ ദിവസമാണ് ഞാൻ ചെല്ലുന്നത്. വേദപുസ്തകവുമായി ഒരാൾ വരുന്നത് കണ്ടപ്പോഴാണ് എനിക്കല്പം ആശ്വാസം വന്നത്. "ബോബിയുടെ അപ്പൻ ഹെഡ് വാർഡന്റെ മുറിയിൽ വച്ച് എന്നോട് പറഞ്ഞു. ഉദ്യോഗസ്ഥന്മാരെല്ലാം വളരെ സ്നേഹമായിട്ടാണ് ഏർപ്പെടുന്നത് എന്നദ്ദേഹം രണ്ടാവർത്തി പറഞ്ഞു. ആ മുറിയിൽ വച്ച് പ്രാർത്ഥിച്ചു പിരിയുമ്പോൾ ഒരാവശ്യം അദ്ദേഹം എന്നോട് പറഞ്ഞു. കണ്ണീരിൽ കുതിർന്ന അപേക്ഷ. "എന്റെ വീട്ടിൽ ഒന്നുപോകണം. എന്റെ ഭാര്യ ഒറ്റയ്ക്കാണ്. ഞങ്ങൾ ക്ഷേമമായിരിക്കുന്നുവെന്ന് പറയണം. അവൾക്കുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നുണ്ടെന്നും പറയണം. സാർ മടങ്ങിപ്പോരുമ്പോൾ പ്രാർത്ഥിച്ചിട്ടേ പോരാവൂ".

ഞാൻ സമ്മതിച്ചു. നാലാം ദിവസം തന്നെ അവിടേക്ക് തിരിച്ചു. "അതെന്തിനാ ഇപ്പോൾ നിങ്ങൾ അങ്ങോട്ടു പോകുന്നത്? അയ്യോ ആ വീട്ടിൽ ആരും പോകത്തില്ല. ശപിക്കപ്പെട്ട വീട്! ഒരു ഭിക്ഷക്കാരൻപോലും അവിടെ കാലുകുത്തുകയില്ല. പള്ളീം പട്ടക്കാരനും പ്രാർത്ഥനയും പൊസ്തകവുമായി നടന്ന അതിയാനും മക്കളും കൂടി ഒരു പാവപ്പെട്ട മനുഷ്യനെ കൊന്നതാ". ബസിൽ നിന്നിറങ്ങി ജീപ്പുകാരനുമായി കൂലി പറയുമ്പോൾ ചുറ്റും നിന്നവർ ഞങ്ങളോടു

പറഞ്ഞ വാക്കുകളാണിത്. എന്റെ നിക്കറും സഫാരിവേഷവും ഒക്കെ കണ്ട നാട്ടുകാരിൽ ഒരാൾ തട്ടിവിട്ടു. ''എടേ, വല്ല പോലീസ് ഉദ്യോഗസ്ഥനോ ജയിൽ ഉദ്യോഗസ്ഥനോ കേസന്വേഷണത്തിനു വന്നതായിരിക്കും. നീ വല്ലതും പറഞ്ഞ് പുലിവാല് പിടിക്കണ്ട. കൊണ്ട് ആക്കിക്കൊട്. കൂലി മിനിമമേ വാങ്ങാവൂ.'' ഞാനും എന്റെ രണ്ട് സ്നേഹി തരും കൂടി 15 മിനിട്ടിനകം ബോബിയുടെ വീട്ടുപടിക്കൽ എത്തി. അത്രയും ദൂരത്തിന് സാധാരണ 20 രൂപ വാങ്ങുന്ന ഡ്രൈവർ ഗോപി 15 വാങ്ങി സ്ഥലം വിട്ടു. വണ്ടിയുടെ ശബ്ദം കേട്ട് മുറ്റത്തേക്ക് വന്ന മാതാവ് ഞങ്ങളെ കണ്ട് അല്പം ഭയവും സംശയവും കലർന്ന് ചോദിച്ചു: 'ആരാ! കേസുകാര്യം വല്ലതു മുണ്ടോ?' എന്റെ സ്നേഹിതന്മാരുടെ കൈയിലെ വേദപുസ്തകം കണ്ടപ്പോൾ മാതാ വിന്റെ മുഖത്ത് സന്തോഷം വന്നു. 'എന്റെ കർത്താവേ, ഇന്ന് 47 ദിവസമായി ഈ ഇറയത്ത് ആരെങ്കിലും കാലുകുത്തിയിട്ട്. അവിടുന്നാണല്ലോ ഇവരെ കൊണ്ടു വന്നത്. ഈശോയേ, അവിടുത്തേക്ക് സ്തുതി യായിരിക്കട്ടെ. ഇരുന്നാട്ടെ, എവിടുന്നാ വരവ്?'' ഇത്രയും പറഞ്ഞപ്പോൾ ഞങ്ങൾ ഉമ്മറത്ത് കട്ടിലിലും ബഞ്ചിലുമായി ഇരുന്നു. ടീം നേതാവ് എന്ന നിലയിൽ ഞാൻ കാര്യങ്ങ ളെല്ലാം വിസ്തരിച്ചു പറഞ്ഞു.

''ഇവിടുത്തെ മനുഷ്യൻ എന്നെ കല്യാണം കഴിച്ചതിൽപ്പിന്നെ ഒരിക്കൽ പോലും ഞങ്ങൾ പിരിഞ്ഞ് താമസിച്ചിട്ടില്ല. ഈ സൗകര്യങ്ങളെല്ലാം ഈശോ തന്നത്. എന്നാൽ ഏദൻതോട്ടത്തിൽ കയറിവന്ന പിശാച് ഞങ്ങ ളുടെ സന്തോഷത്തെയും തകർത്തു. എന്റെ ഇളയ മകൻ ബോബിയെ ഞാൻ കണ്ടിട്ട് എത്ര ദിവസമായി, അവന് വയസ്സ് 19 ആയെങ്കിലും ഞാൻ ഉരുള ഉരുട്ടിക്കൊടുക്കുന്നതാണ് അവന് പ്രിയം. അവർക്ക് ഭക്ഷണം ഒക്കെ കിട്ടുന്നു ണ്ടോ?'' പുള്ളിക്കാരനാണെങ്കിൽ എണ്ണ മാറി തേച്ചാൽ പല്ലുവേദനയാണ്. കരയുകയും ഓർമ്മ പുതുക്കുകയും ചെയ്തു കൊണ്ട് മറി യാമ്മച്ചേടത്തി പലതും പറഞ്ഞു. ''ഞാൻ കുറച്ചുകൂടെ ഒക്കെ നന്നായിരുന്നതാണ്. മനോ ഭാരവും ദുഃഖവുംകൊണ്ടാണ് ഇത്രയും മെലി ഞ്ഞത്. പള്ളിയിലെ പട്ടക്കാരൻപോലും ഈ മുറ്റത്ത് കയറിയിട്ടില്ല. നാലു വീടപ്പുറത്തെ മനുഷ്യനാണ് മരിച്ചത്. നിങ്ങൾ തിരികെ പോകുമ്പോൾ നടന്നുപോകണ്ട. അവർക്ക് വൈരാഗ്യമാണ്. നിങ്ങളെ ഉപദ്രവിച്ചേക്കും. ജീപ്പ് വിളിച്ചുപോകാം. അല്ലെങ്കിൽ വഴി മാറിയേ പോകാവു. എന്റെ സങ്കടം ആരോടു പറയും. തമ്പുരാനേ, എന്തിനിതെല്ലാം വരുത്തി വെച്ചു?''

ഇത്രയും കാര്യങ്ങൾ ഞങ്ങൾ ശ്രദ്ധയോടെ കേട്ടു. കാപ്പിയുമായി അടു ക്കളയിൽ നിന്നു വന്ന മറിയാമ്മച്ചേടത്തിയോട് ഞാൻ ഇരിക്കുവാൻ പറഞ്ഞു. ഞങ്ങൾ 23-ാം സങ്കീർത്തനം വായിച്ചു.

''യഹോവ എന്റെ ഇടയനാകുന്നു. എനിക്കു മുട്ടുണ്ടാകയില്ല. പച്ചയായ പുല്പ്പുറ ങ്ങളിൽ അവൻ എന്നെ കിടത്തുന്നു; സ്വസ്ഥത യുള്ള വെള്ളത്തിന്നരികത്തേക്ക് എന്നെ നട ത്തുന്നു. എന്റെ പ്രാണനെ അവൻ തണുപ്പി ക്കുന്നു. തിരുനാമം നിമിത്തം എന്നെ നീതി പാതകളിൽ നടത്തുന്നു. കൂരിരുൾ താഴ്വര യിൽക്കൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല. നീ എന്നോടുകൂടെ ഇരി ക്കുന്നുവല്ലോ; നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു. എന്റെ പാനപാത്രവും നിറഞ്ഞുകവിയുന്നു. നന്മയും കരുണയും എന്റെ ആയുഷ്ക്കാലമൊക്കെയും എന്നെ പിന്തുടരും. ഞാൻ യഹോവയുടെ ആലയ ത്തിൽ ദീർഘകാലം വസിക്കും''.

"അമ്മച്ചീ, ഭർത്താവും മക്കളും ഉറ്റവരും എല്ലാം ഒരു ദിവസം യാത്ര പറയും. ചില പ്പോൾ യാത്ര പറയാതെയും പോയെന്നി രിക്കും, എന്നാൽ നമ്മുടെ ഈശോ പറഞ്ഞത് ഓർക്കുക:

''ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെ ഇരിക്കും.'' മത്താ . 28:20.

"നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്. ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ. ഞാൻ നിങ്ങളെ ചേർത്തുകൊള്ളുവാൻ വീണ്ടും വരും."

അന്ന് അവിടെവച്ച് പ്രാർത്ഥിക്കുമ്പോഴാണ് മറിയാമ്മച്ചേടത്തി മാനസാന്തരപ്പെടുന്നത്. 4 ദിവസം മുമ്പ് ജോസഫ് ചേട്ടൻ ജയിലിൽ വച്ചും. ഞങ്ങൾ യാത്ര പറഞ്ഞിറങ്ങി. "47 ദിവസമായി ആരും കേറാത്ത മുറ്റത്ത് ഇതാ ദൈവ മക്കൾ വന്നിരിക്കുന്നു." മറിയാമ്മച്ചേടത്തി പറയുന്നത് കേട്ടു. ഞങ്ങൾ മടങ്ങിവന്ന് ബസ് സ്റ്റോപ്പിൽ നില്ക്കുമ്പോൾ ചില നാട്ടുപ്രമാണികളും ഒക്കെ അടുത്തുകൂടി.

"തട്ടിയേക്കുമോ?"

"ജീവപര്യന്തമെങ്കിലും കിട്ടും അല്ലേ?"

"സാക്ഷികളൊക്കെ സമയമാകുമ്പോൾ കാലുമാറിയാൽ മതിയല്ലോ"

''അപ്പൻ മര്യാദക്കാരനാ, പിള്ളേര് അല്പം മുറ്റാ" പല കമന്റുകൾ ഞങ്ങൾ കേട്ടു.

കോട്ടയത്തേക്കുള്ള ബസിന്റെ പിൻസീറ്റിൽ ഇരിക്കുമ്പോൾ എന്നെ ചില ചിന്തകൾ വിമ്മിട്ടപ്പെടുത്തി. കുറ്റക്കാരനും കുടുംബവും ഒറ്റപ്പെടുന്നു. സമൂഹമെന്ന ചങ്ങലയിൽനിന്നും വ്യക്തികളാകുന്ന കണ്ണികളെ പൊട്ടിച്ചു മാറ്റുന്നു. ഏകാന്തതയിലേക്ക് നയിക്കുന്നു. പാപം മനുഷ്യനെ ദൈവത്തിൽനിന്ന് അകറ്റുന്നു. അതാണ് പിശാചിന്റെ വിദ്യ. മനുഷ്യൻ സമാധാനവും സന്തോഷവും അനുഭവിക്കരുത്. ഈശ്വരനിൽനിന്നും അവനെ അകറ്റണം, യേശുക്രിസ്തു ഇങ്ങനെ പറഞ്ഞു:

"കള്ളൻ കൊല്ലുവാനും മോഷ്ടിക്കുവാനും വരുന്നു. ഞാൻ അവയ്ക്ക് നിത്യജീവൻ സമൃദ്ധമായി നല്കുന്നു."

കേസു കഴിഞ്ഞ് ജോസഫ് ചേട്ടനെയും മക്കളെയും വെറുതെ വിട്ടു. പിശാച് തകർത്ത കുടുംബം ഇന്ന് ദൈവത്താൽ പുതുക്കപ്പെട്ടിരിക്കുന്നു. ഒറ്റപ്പെട്ട് കഴിഞ്ഞവരെ സ്നേഹിക്കുവാൻ ഇന്നൊരു വലിയ സമൂഹമുണ്ട് - ദൈവത്തിന്റെ വിസ്തൃതമായ കുടുംബം.

സ്നേഹിതാ, പാപം നിന്നെ ദൈവത്തിൽ നിന്ന് അകറ്റുന്നു. ക്രൂശിലെ സ്നേഹം ദൈവത്തോട് അടുപ്പിക്കുന്നു. പിശാച് നിന്നെ ഒറ്റപ്പെടുത്തുന്നു. യേശുക്രിസ്തു നിന്നെ ദൈവകുടുംബവുമായി ബന്ധിപ്പിക്കുന്നു. പാപത്തെ ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച് മാനസാന്തരപ്പെടുക. ദൈവത്തിന്റെ വിസ്തൃതമായ കുടുംബത്തിലെ അംഗമാവുക. ആ കുടുംബത്തിന്റെ അവകാശിയാവുക.. ❑

---

*10-ാം പേജിൽ നിന്നും തുടർച്ച (പ്രാർത്ഥനയ്ക്കു മറുപടി )*

കൊല്ലാൻ ഓർഡർ കൊടുത്ത രാജാവിന്റെ മകളെക്കൊണ്ടു തന്നെ മോശെക്കുഞ്ഞിനെ സ്വന്തം മാതാവിനു ശമ്പളം കൊടുത്തു വളർത്തുവാൻ ഇടയായി. പ്രിയമുള്ളവരേ, നമ്മുടെ ദൈവത്തിന്റെ കൃപ എത്രയോ വലുതാണ്. യഹോവ നല്ലവൻ എന്നു രുചിച്ചറിവിൻ.

ഈ ചെറുലേഖനം വായിക്കുന്ന എന്റെ സഹോദരിമാരോടു ഒരു വാക്ക് ഞാൻ ചോദിച്ചു കൊള്ളട്ടേ! നമ്മുടെ ജീവിതത്തിൽ ചെറുതും വലുതുമായ ഹൃദയഭേദകമായ അവസരങ്ങളിൽ അബലകൾ എന്ന് വിശേഷിപ്പിക്കപ്പെടുന്ന സഹോദരിമാരായ നമ്മൾ ക്ഷീണിച്ചു പോകാറുണ്ടോ? തകർന്ന ഹൃദയത്തോടുകൂടി ദൈവസന്നിധിയിലേക്ക് കടന്നു ചെന്ന് മുട്ടിന്മേൽ നിന്നാൽ തീർച്ചയായും ദൈവം മറുപടി നല്കും. നമ്മുടെ വിഷയങ്ങളിന്മേൽ ജയം എടുക്കാൻ ദൈവം തമ്പുരാൻ നമ്മെ ഏവരെയും സഹായിക്കട്ടെ. പ്രാർത്ഥനയ്ക്ക് ഉത്തരം നല്കുന്ന ഒരു കർത്താവ് ജീവിച്ചിരിക്കുന്നു എന്ന് നമുക്ക് മനസിലാക്കാൻ കഴിഞ്ഞു. നമ്മുടെ ചുറ്റുപാടുമുള്ളവർ, നമ്മുടെ ബന്ധുമിത്രാദികൾ, ചാർച്ചക്കാർ ഇവർക്ക് എല്ലാവർക്കും വേണ്ടി നമുക്ക് പ്രാർത്ഥിക്കാം. നശിച്ചുപോകുന്ന ആത്മാക്കൾക്കു വേണ്ടി നാം പ്രാർത്ഥിച്ചാൽ ദൈവം പ്രാർത്ഥന കേൾക്കും. സംശയമില്ല. ❑

ഒരു സംഭവ കഥ

# “സ്വന്തം നാടില്ലാത്ത ഒരു പെൺകുട്ടിയുടെ കഥ”

ജോർജ് ജോൺ, തിരുവനന്തപുരം



**സ്വീ**ഡിഷ് മിഷണറി ദമ്പതിമാരായ ഡേവിഡ് ഫ്ളഡും സ്വിയായും തങ്ങളുടെ രണ്ടുവയസ്സുകാരൻ മകനോടുകൂടി 1921–ൽ “ബെൽജിയൻ കോംഗോ” എന്നറിയപ്പെട്ടിരുന്ന ആഫ്രിക്കൻ രാജ്യത്തേക്ക് പോവുകയുണ്ടായി. സ്കാൻഡിനേവിയായിൽ നിന്നുതന്നെയുള്ള മറ്റൊരു മിഷനറി ദമ്പതികളായ “എറിക്സൺസി”നെ അവർ അവിടെവച്ച് കണ്ടുമുട്ടി. ത്യാഗത്തിന്റെയും ഭക്തിയുടെയും അനുകമ്പയുടേതുമായ ആ കാലയളവിൽ മിഷൻ സെന്ററിൽനിന്നും വളരെ അകലെയുള്ള ഒരു പ്രദേശത്തേക്ക് സുവിശേഷവുമായി കടന്നുപോകാൻ അവർ ദൈവാത്മാവിനാൽ പ്രേരിതരായി.

വിശ്വാസത്തിന്റേതായ ഒരു വലിയ കാല്വയ്പായിരുന്നു അത്. അവരെത്തിച്ചേർന്ന “എൻഡൊലീര” എന്ന ഗ്രാമത്തിലെ ഗ്രാമത്തലവൻ അവരെ ഗ്രാമത്തിൽ കടക്കാൻ പോലും അനുവദിച്ചില്ല. കാരണം, തങ്ങളുടെ പരദേവതകൾ പ്രകോപിതരാകുമോ എന്ന ഭയത്താൽ. ഏതാണ്ട് അരമൈൽ അകലെയുള്ള ഒരു കുന്നിൻചരിവിൽ തങ്ങൾതന്നെ നിർമ്മിച്ച രണ്ടു മൺകുടിലുകളിൽ ആ ദമ്പതികൾ താമസമുറപ്പിച്ചു. ആത്മീയമായ ഒരവസ്ഥാന്തരത്തിനുവേണ്ടി അവർ പ്രാർത്ഥിച്ചെങ്കിലും ഒന്നുംതന്നെ സംഭവിച്ചില്ല. ആഴ്ചയിൽ ഒന്നോ രണ്ടോ പ്രാവശ്യം അവർക്ക് ഭക്ഷണത്തിനുള്ള മുട്ടയും കോഴിയും വില്ക്കുന്നതിന് അനുവദിക്കപ്പെട്ടിരുന്ന ഒരു ബാലനൊഴിച്ച് ഗ്രാമവാസികളിൽ ആരുമായും യാതൊരു സമ്പർക്കവും ഉണ്ടായിരുന്നില്ല. എന്നാൽ ഗ്രാമത്തിലെ ഇതരവ്യക്തികളോട് ഇടപെടാൻ സാധിക്കുന്നില്ലെങ്കിൽ കുറഞ്ഞ പക്ഷം ഈ ബാലനോടെങ്കിലും സംസാരിച്ച് അവനെ കർത്താവിനുവേണ്ടി നേടണമെന്ന് സ്വിയാ ഫ്ളഡ് എന്ന ഈ കുറിയ വനിയ (4 അടി 8 ഇഞ്ച് ഉയരം) തീരുമാനിക്കയും അക്കാര്യത്തിൽ വിജയിക്കയും ചെയ്തെങ്കിലും പ്രോത്സാഹനജനകമായ മറ്റുകാര്യങ്ങൾ ഒന്നുംതന്നെ ഉണ്ടായില്ല.

പ്രസ്തുത കാലയളവിൽ മേല്പറഞ്ഞ മിഷനറി ഗ്രൂപ്പിലുള്ള ഓരോരുത്തരെയും മലേറിയാ രോഗം മാറിമാറി ബാധിക്കയും ആയതിൽ മനസ്സു മടുത്ത എറിക്സൺ ദമ്പതികൾ മിഷൻ സെന്ററിലേക്ക് മടങ്ങുകയും ചെയ്തു. എന്നാൽ ഡേവിഡും സ്വിയയും എൻഡൊലീരയുടെ സമീപപ്രദേശത്തു തന്നെ തുടരാൻ തീരുമാനിച്ചു. തികച്ചും അപര്യാപ്തമായ ചുറ്റുപാടുകളിൽ അവർ ജീവിച്ചുവരവേ, സ്വിയാ വീണ്ടും ഗർഭിണിയായി. അവളുടെ പ്രസവകാലം അടുത്തപ്പോൾ ഗ്രാമത്തലവന് അല്പം ദയതോന്നുകയും ഒരു സൂതികർമ്മിണിയുടെ സേവനം അനുവദിക്കയും ചെയ്തു. സ്വിയാ ഒരു പെൺകുഞ്ഞിനെ പ്രസവിച്ചു. ‘എയ്നാ’ എന്നാണ് അവൾക്ക് നാമകരണം ചെയ്തത്. എന്നാൽ മലേറിയ ബാധിച്ച് ക്ഷീണിതയായിരുന്ന സ്വിയായ്ക്ക് പ്രസവം എന്ന പ്രക്രിയ വളരെ ശ്രമകരമായിരുന്നു. ആയതിനാൻ പ്രസവം കഴിഞ്ഞ് ഏതാണ്ട് 17 ദിവസങ്ങൾക്കുശേഷം സ്വിയാ ഫ്ളഡ് ഇഹലോകവാസം വെടിഞ്ഞു.

സ്വിയയുടെ മരണം ഡേവിഡ് ഫ്ളഡിന് വലിയൊരു ആഘാതം ആയിരുന്നു. അയാൾ ഒരു കുഴികുഴിച്ച് തന്റെ ഇരുപത്തേഴുകാരിയായ ഭാര്യയെ അതിലടക്കം ചെയ്തു. അതിനുശേഷം തന്റെ മക്കളുമായി മിഷൻ സെന്ററിലേക്ക് മടങ്ങി. തന്റെ നവജാത ശിശുവിനെ എറിക്സൺ ദമ്പതികളെ

ഏല്പിച്ചശേഷം അയാൾ ഇപ്രകാരം പറഞ്ഞു: “ഞാൻ സ്വീഡനിലേക്ക് മടങ്ങിപ്പോവുകയാണ്. എന്റെ ഭാര്യ മരിച്ചു. ഇത്രയും ചെറിയ ഈ പൈതലിനെ വളർത്താൻ എന്നാൽ അസാധ്യ മാണ്. ദൈവം എന്റെ ജീവിതം നശിപ്പിച്ചു”. ഇത്രയും പറഞ്ഞതിനുശേഷം സുവിശേഷ ത്തിനുവേണ്ടിയുള്ള തന്റെ ദൗത്യത്തെയും തന്റെ ദൈവത്തെയും ഉപേക്ഷിച്ചുകൊണ്ടു ഡേവിഡ് ഫ്ളഡ് നാട്ടിലേക്ക് കപ്പൽ കയറി.

ഏതാണ്ട് എട്ടു മാസങ്ങൾക്കുള്ളിൽ എറി ക്സൺ ദമ്പതികൾ ഇരുവരും ഏതോ ഒര ജ്ഞാതരോഗത്തിന്റെ പിടിയിൽ അമരുകയും മരണപ്പെടുകയും ചെയ്തു. അതോടുകൂടി സ്വിയയുടെ പൈതലിന്റെ സംരക്ഷണം ഒരു അമേരിക്കൻ മിഷണറി കുടുംബം ഏറ്റെടുത്തു. അവർ ‘എയ്നാ’ എന്ന സ്വീഡിഷ് പേരിനുപകരം ‘ആഗി’ എന്ന് വിളിച്ചുതുടങ്ങി. ആഗിക്ക് മൂന്നു വയസ്സുള്ളപ്പോൾ അവർ അവളെ അമേരിക്കയിലേക്ക് കൊണ്ടുപോയി. ആഗിയുടെ വളർത്തുമാതാപിതാക്കൾ അവളെ വളരെ സ്നേഹിച്ചു. ആഫ്രിക്കയിലേക്ക് മടങ്ങിപ്പോയാൽ നിയമപരമായ കാരണത്താൽ ആഗിയെ മറ്റാരെങ്കിലും അവകാശപ്പെടുമോ എന്നുള്ള ആശങ്കയിൽ അവർ ആഫ്രിക്കയിലെ മിഷണറി പ്രവർത്തനത്തിനുപകരം അമേരിക്ക യിൽ സഭാ പരിപാലന ശുശ്രൂഷകളിലേർ പ്പെടാൻ തീരുമാനിച്ചു. അങ്ങനെയാണ് ആഗി അമേരിക്കയിലെ സൗത്ത് ഡക്കോട്ടയിൽ തന്റെ ബാല്യകാലം കഴിച്ചുകൂട്ടാനിടയായത്. അതിനുശേഷം ‘മിനിയാപ്പൊലീസ്’ എന്ന സ്ഥലത്തുള്ള നോർത്ത് സെൻട്രൽ ബൈബിൾ കോളജിൽ തന്റെ പഠനം തുടരുകയും അവിടെവച്ച് പരിചയപ്പെട്ട ഡ്യൂയി ഹേഴ്സ്റ്റ് എന്ന യുവാവിനെ വിവാഹം കഴിക്കയും ചെയ്തു.

ഏതാനും വർഷങ്ങൾ കടന്നുപോയി. പ്രസ്തുത കാലയളവിൽ വളരെ ഫലപ്രദമായ ശുശ്രൂഷകൾ നിർവ്വഹിക്കുന്നതിന് ഹേഴ്സ്റ്റ് ദമ്പതികൾക്കു സാധിച്ചു. ഇതിനോടിടയ്ക്ക് ആഗി ഒരു പെൺകുഞ്ഞിനും പിന്നീട് ഒരാൺ കുഞ്ഞിനും ജന്മം നല്കി. നാളുകൾ പിന്നിട്ട പ്പോൾ ആഗിയുടെ ഭർത്താവ് സിയാറ്റിൽ പ്രദേശത്തുള്ള ഒരു ക്രിസ്ത്യൻ കോളജിന്റെ പ്രസിഡന്റായി നിയമിതനായി. പ്രസ്തുത കോളജിന്റെ സ്കാൻഡിനേവിയൻ പൈതൃ കത്വം ആഗിയെ വളരെ അത്ഭുതപ്പെടുത്തി.

ഒരു ദിവസം ആഗിയുടെ തപാൽ പെട്ടിയിൽ ഒരു സ്വീഡിഷ് മാസിക കാണപ്പെട്ടു. ആരാണത് അയച്ചതെന്നുള്ളതിന് യാതൊരു സൂചനയും ഉണ്ടായിരുന്നില്ല. മാത്രമല്ല, സ്വീഡിഷ് ഭാഷ വായിക്കാൻ അവൾക്ക് അറിയാമായിരുന്നില്ലതാനും. അവൾ അലസ മായി ആ മാസികയുടെ താളുകൾ മറിച്ചു കൊണ്ടിരുന്നപ്പോൾ അവളെ പെട്ടെന്ന് പിടിച്ചു നിർത്താൻ പര്യാപ്തമായ ഒരു ഫോട്ടോ കാണുകയുണ്ടായി. ഏതോ അപരിഷ്കൃ തമായ സ്ഥലത്തുള്ള ഒരു ശവകുടീരവും ഒരു വെള്ളിക്കുരിശും. ആ കുരിശിൽ എഴുതി യിരുന്ന പേരാകട്ടെ, “സ്വിയാ ഫ്ളഡ്” എന്നാ യിരുന്നു. ഒട്ടും താമസിയാതെ ആഗി തന്റെ കാറോടിച്ച് കോളജിലെത്തുകയും സ്വീഡിഷ് ഭാഷയിലുള്ള ലേഖനം വായിച്ചു പരിഭാഷ പ്പെടുത്തികൊടുക്കുന്നതിന് കഴിവുള്ള ഒരു ഫാക്കൽറ്റി മെമ്പറെ സമീപിക്കയും ചെയ്തു. അദ്ദേഹം ആ ലേഖനം വായിച്ചശേഷം അതിന്റെ സാരം ചുരുക്കിപ്പറഞ്ഞു. അനേക വർഷങ്ങൾക്കുമുമ്പ് ബെൽജിയൻ കോംഗോ യിലെ എൻഡൊലീരയിലേക്കു കടന്നു പോയ ഒരു സ്വീഡിഷ് മിഷനറി ദമ്പതികളുടെ കഥയാ ണിത്. അവർക്ക് ഒരു പൈതൽ ജനിക്കുകയും മാതാവ് മരണപ്പെടുകയും ചെയ്തു. ഒരു ആഫ്രിക്കൻ ബാലൻ അവരിൽകൂടി കർത്താ വിനെ സ്വീകരിക്കുന്നതിന് ഇടയായി. അനേക വർഷങ്ങൾക്കുശേഷം വെള്ളക്കാർ എല്ലാവരും നാടുവിട്ടുപോയി. എന്നാൽ പ്രസ്തുത ബാലൻ ഒരു ദൈവപൈതലായി വളരുകയും തന്റെ പരിശ്രമഫലമായി ഗ്രാമത്തിൽ ഒരുസ്കൂൾ സ്ഥാപിക്കുകയും ചെയ്തു. കാലക്രമേണ അവിടത്തെ വിദ്യാർത്ഥികൾ മാത്രമല്ല ഗ്രാമത്തലവൻപോലും കർത്താവിനെ സ്വന്തം രക്ഷിതാവായി സ്വീകരിക്കുകയും ഏതാണ്ട് 600-ൽപരം ക്രൈസ്തവ വിശ്വാസികൾ ആ ഗ്രാമത്തിൽ ഉണ്ടായിരിക്കുന്ന അവസ്ഥയി ലെത്തിച്ചേരുകയും ചെയ്തു. ഡേവിഡ് ഫ്ളഡ് - സ്വിയാ ദമ്പതികളുടെ ത്യാഗം ഇതിനെല്ലാം മൂലകാരണമായി ഭവിച്ചു

ഹേഴ്സ്റ്റ് ദമ്പതികളുടെ വിവാഹത്തിന്റെ 25-ാം വാർഷികത്തോടനുബന്ധിച്ച് കോളജിൽനിന്നും അവർക്കൊരു സമ്മാനം ലഭിച്ചു. ഒരവധിക്കാലം സ്വീഡനിൽ ചെലവഴിക്കുന്നതിനുള്ള ഒരു ക്രമീകരണമായിരുന്നു അത്. അവിടെ വച്ച് ആഗി തന്റെ യഥാർത്ഥ പിതാവിനെ അന്വേഷിച്ചു കണ്ടെത്തി. ഡേവിഡ് ഫ്ളഡ് ഇതിനോടകം പുനർവിവാഹം കഴിച്ച്, നാലുകുട്ടികളുടെകൂടെ പിതാവായിക്കഴിഞ്ഞിരുന്നു. ഒരു തികഞ്ഞ മദ്യപാനിയായി മാറിയിരുന്ന അയാൾ അടുത്തകാലത്ത് പക്ഷാഘാതം പിടിപെട്ട് കിടപ്പിലായിരുന്നു. ആ ഭവനത്തിൽ ഒരു നിയമം ഉണ്ടായിരുന്നു. "ദൈവം എന്ന നാമം ഇവിടെ ആരും ഉച്ചരിക്കാൻ പാടില്ല. കാരണം ദൈവം എനിക്കുണ്ടായിരുന്നതെല്ലാം എടുത്തുകളഞ്ഞു". തന്റെ സഹോദരങ്ങളുമായുള്ള വികാരനിർഭരമായ കൂടിക്കാഴ്ചയ്ക്കുശേഷം പിതാവിനെ കാണുന്നതിനുള്ള ആഗ്രഹം ആഗി പ്രകടിപ്പിച്ചപ്പോൾ അവർ ഇങ്ങനെ പറഞ്ഞു. "അദ്ദേഹം തീരെ അവശനാണ്, എങ്കിലും നിനക്ക് അദ്ദേഹത്തെ കാണുകയും സംസാരിക്കുകയും ചെയ്യാം. പക്ഷെ, ദൈവം എന്നൊരു വാക്കു കേട്ടാൽ താൻ വളരെ പ്രകോപിതനായി ത്തീരും". ആഗി പിന്മാറിയില്ല. ചുളുങ്ങിക്കൂടിയ കിടക്കമേൽ കിടന്നിരുന്ന 77-കാരനായ പിതാവിന്റെ ഒഴിഞ്ഞ മദ്യക്കുപ്പികൾ ചിതറിക്കിടക്കുന്ന വൃത്തിഹീനമായ അപ്പാർട്ടുമെന്റിലേക്ക് ആഗി കടന്നുചെന്നു. "പപ്പാ" എന്ന വിളികേട്ടപ്പോൾ അയാൾ കരഞ്ഞു തുടങ്ങി. "എയ്നാ, നിന്നെ ഉപേക്ഷിക്കണമെന്ന് ഞാൻ ഒരിക്കലും വിചാരിച്ചിരുന്നില്ല". "സാരമില്ല പപ്പാ, ദൈവം എന്നെ പരിപാലിച്ചു" അവൾ അയാളെ ആലിംഗനം ചെയ്തുകൊണ്ടു പറഞ്ഞു.

പെട്ടെന്ന് അയാളുടെ ഭാവം മാറി, "ദൈവം നമ്മൾ എല്ലാവരേയും മറന്നു. അതുകൊണ്ടാണ് നമ്മുടെ ജീവിതം ഇങ്ങനെയായിപ്പോയത്" എന്നു പറഞ്ഞുകൊണ്ട് അയാൾ മുഖം തിരിച്ചു. ആഗി അയാളുടെ മുഖത്ത് മെല്ലെ തടവിക്കൊണ്ടു പറഞ്ഞു പപ്പാ, എനിക്കൊരു ചെറിയ സംഭവകഥ പറയാനുണ്ട്. നിങ്ങൾ ആഫ്രിക്കയിലേക്കു പോയത് വെറുതെ ആയിപ്പോയിട്ടില്ല. മമ്മിയുടെ മരണവും അങ്ങനെതന്നെ. നിങ്ങൾ കർത്താവിങ്കലേക്കു നടത്തിയ ആ ചെറിയ ബാലൻ വളർന്ന്, ആ ഗ്രാമം മുഴുവനും കർത്താവിനു വേണ്ടി നേടിക്കഴിഞ്ഞു. നിങ്ങൾ പാകിയ ചെറിയ വിത്ത് വളർന്നുകൊണ്ടേയിരുന്നു. ഇപ്പോൾ അത് പടർന്നു പന്തലിച്ച് 600-ൽ പരം ആഫ്രിക്കാക്കാർ കർത്താവിന്റെ സാക്ഷികളായി ആ ഒരൊറ്റ ഗ്രാമത്തിൽ നിലകൊള്ളുന്നു. നിങ്ങൾ കർത്താവിന്റെ വിളിയോടു കാണിച്ച വിശ്വസ്തതയുടെ ഫലമാണത്. പപ്പാ, യേശു അങ്ങയെ സ്നേഹിക്കുന്നു. യേശു ഒരിക്കലും അങ്ങയെ വെറുത്തിട്ടില്ല". വൃദ്ധൻ മുഖം തിരിച്ച് മകളുടെ കണ്ണുകളിലേക്കു നോക്കി.

മാംസപേശികളുടെ പിരിമുറുക്കം ക്രമേണ മാറി. അയാൾ സംസാരിക്കാൻ തുടങ്ങി. സായംകാലമായപ്പോഴേക്കും താൻ അനേക ദശാബ്ദങ്ങളായി വെറുത്തിരുന്ന അതേ ദൈവത്തിങ്കലേക്ക് അയാൾ മടങ്ങി വന്നു കഴിഞ്ഞു. പിന്നീടുള്ള ഏതാനും ദിവസങ്ങൾ അച്ഛനും മകളും ഒരുമിച്ച് സന്തോഷപ്രദമായ അനവധി നിമിഷങ്ങൾ പങ്കിട്ടു. ഏറെ താമസിയാതെ ആഗിക്കും ഭർത്താവിനും മടങ്ങിപ്പോകേണ്ടിയിരുന്നു. അവർ പോയതിനുശേഷം ഏതാനും ആഴ്ചകൾക്കുള്ളിൽ ഡേവിഡ് ഫ്ളഡ് കർത്തൃസന്നിധിയിൽ പ്രവേശിച്ചു.

ഏതാനും വർഷങ്ങൾക്കുശേഷം ഹേഴ്സ്റ്റ് ദമ്പതികൾ ലണ്ടനിൽവച്ച് നടത്തപ്പെട്ട വലിയതോതിലുള്ള ഒരു സുവിശേഷീകരണ കോൺഫറൻസിൽ സംബന്ധിക്കുന്നതിനിടയായി. ആഫ്രിക്കയിലെ "സെയ്റെ" (പഴയ ബെൽജിയൻ കോംഗോ)യിൽ നിന്ന് അവിടുത്തെ നാഷണൽ ചർച്ചിന്റെ സൂപ്രണ്ട് ആ രാജ്യത്തിലെ സുവിശേഷീകരണത്തെക്കുറിച്ചുള്ള ഒരു റിപ്പോർട്ട് വളരെ വാചാലതയോടെ സമർപ്പിക്കയുണ്ടായി. ഏതാണ്ട് ഒരു ലക്ഷത്തിപതിനായിരം ക്രൈസ്തവ വിശ്വാസികളെ പ്രതിനിധാനം ചെയ്തുകൊണ്ടാണ് അദ്ദേഹം സംസാരിച്ചത്. കോൺഫറൻസിനു

*ശേഷം 24-ാം പേജിൽ കാണുക*

# വിശ്വസ്തത

യോഹന്നാൻ എബ്രഹാം, തിരുവനന്തപുരം



**വി**ശ്വാസം മനുഷ്യന്റെ മനസ്സിലാണ് ഉണ്ടാകുന്നത്. വിശ്വാസത്തിന്റെ പ്രതിഫലനമായ വിശ്വസ്തത മനുഷ്യരുടെ പ്രവൃത്തികളിലാണ് വെളിപ്പെടേണ്ടത്. വിശ്വാസം എന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യത്തിന്റെ നിശ്ചയവുമാണ് (എബ്രായർ 11:1). എന്നാൽ അപ്പൊസ്തലനായ പൗലൊസ് തന്റെ അനുഗാമിയായിരുന്ന തിമൊഥെയൊസിനു എഴുതിയത് ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്ന് ഞാൻ അറിയുന്നു. അവൻ എന്റെ ഉപനിധി അന്ത്യം വരെയും എന്നെ സംരക്ഷിക്കുന്ന ദൈവം. തന്റെ ശുശ്രൂഷയുടെ അന്ത്യം വരെയും താൻ വിശ്വസിച്ച ദൈവത്തോട് വിശ്വസ്തത പാലിച്ചതായി കാണുന്നു. ദൈവിക ഗൃഹവിചാരകന്മാരിൽ കാണേണ്ടത് വിശ്വസ്തതയാണ്.

ഇന്നത്തെ സമൂഹത്തിൽ ഭൂരിപക്ഷവും വിശ്വാസമില്ലാത്തവരാണ്. അതിന്റെ പ്രതിഫലനമായ വിശ്വസ്തത ലവലേശവും കാണാനില്ല. ദൈവം കരുണാനിധിയായിരിക്കുന്നതുപോലെ നീതിയുടെ നിവർത്തകനുമാണ്. പ്രപഞ്ചവും അതിലുള്ള സകലത്തേയും നിർമ്മിച്ച ദൈവം അതിനെ നീതിപൂർവ്വം സംരക്ഷിക്കുന്നവനുമാണ്. പാപത്തെ വെറുക്കുന്ന ദൈവം അതേ സമയം പാപിയെ സ്നേഹിക്കുന്നവനുമാണ്. ദൈവിക ന്യായവിധിയെ നേരിടാൻ മനുഷ്യർ അശക്തരാണ്. സത്യത്തിന്റെ മൂർത്തിമത്തായ ദൈവത്തിന് മനുഷ്യന്റെ അവിശ്വസ്തതയെ അവഗണിക്കാൻ കഴികയില്ല. ദൈവത്തോടു മാത്രമല്ല, മനുഷ്യർക്കു പരസ്പരമുള്ള വിശ്വാസവും വിശ്വസ്തതയും നഷ്ടപ്പെട്ടിരിക്കുകയുമാണ്. മാതാപിതാക്കന്മാർക്ക് മക്കളിൽ വിശ്വസിപ്പാൻ കഴിയുന്നില്ല. മക്കൾക്ക് മാതാപിതാക്കന്മാരിൽ വിശ്വാസവും, വിശ്വസ്തതയും കുറഞ്ഞിരിക്കുന്നു. കുടുംബത്തിൽ നഷ്ടപ്പെട്ട വിശ്വാസവും വിശ്വസ്തതയും സമൂഹത്തിൽ വർദ്ധിച്ചിരിക്കുന്നു. മാത്രമല്ല സൃഷ്ടികൾ സൃഷ്ടികർത്താവായ ദൈവത്തിൽ വിശ്വസിക്കാത്തതിനാൽ ദൈവമുമ്പാകെ വിശ്വസ്തത പാലിക്കാനും കഴിയുന്നില്ല.

ദൈവത്തിനും മനുഷ്യർക്കും ശത്രുവായിരിക്കുന്ന സാത്താൻ ഭോഷ്ക്കു പറയുന്നവനും അതിന്റെ അപ്പനുമാണ്. പിശാചിന്റെ ഈ ദുഷ്ടത മനുഷ്യസമൂഹത്തിൽ വാരിവിതറിയിരിക്കുകയാണ്. ഭാര്യയോട് വിശ്വസ്തത പുലർത്താത്ത ഭർത്താവ്. ഭാര്യാ ഘാതകന്മാരുടെ സംഖ്യ വർദ്ധിച്ചുവരുന്നു. അതുമറിച്ചും സംഭവിച്ചുകൊണ്ടിരിക്കുന്നു. സോദോമിലെയും ഗോമോറയിലെയും പാപം പെരുകിക്കൊണ്ടിരിക്കുകയാണ്. മാത്രമല്ല അവിടുത്തെ പാപം ലോകത്തുള്ള പല രാജ്യങ്ങളും നിയമ വിധേയമാക്കിയിരിക്കുന്നു. ഈ അടുത്തകാലത്ത് ഉന്നത ന്യായപീഠമായ സുപ്രീം കോടതിപോലും നിയമമായി അംഗീകരിച്ചിരിക്കുന്നു. ഇത് സമൂഹത്തിൽ പരസ്പര വിശ്വാസത്തിന്റെ വിശ്വസ്തതയുടെ ഭ്രംശമാണ്. ഭരണതലത്തിലും മതസമൂഹത്തിലും ഈ പോരായ്മ രൂക്ഷമായിരിക്കുന്നു. അതിന്റെ പരിണതഫലമാണ് പ്രളയവും കാലാവസ്ഥാ വ്യതിയാനവും. കഴിഞ്ഞ വർഷമുണ്ടായ പ്രളയം അതേ നാളുകളിൽ ഈ വർഷവും ആവർത്തിച്ചിരിക്കുന്നു. എത്രയോ ജീവൻ പ്രതീക്ഷിക്കാത്ത സമയത്തു പൊലിഞ്ഞു പോയി. പ്രകൃതിയിലെ ഈ മാറ്റങ്ങൾക്ക് ഒരളവിൽ പരിഹാരം വരുത്തുവാൻ ജനസമൂഹം പ്രവർത്തിക്കുന്നു. അതു സ്വന്ത പേരും പെരുമയും നിലനിർത്തുവാൻ ചെയ്യുന്ന ശ്രമങ്ങൾ. ദൈവത്തെ പരീക്ഷിക്കാതെ മണ്ണു കൊണ്ട് ഓട്ട അടയ്ക്കുന്ന നിഷ്ഫലപരിഹാരം നിർത്തി ദൈവത്തോടും മനുഷ്യനോടും വിശ്വാസവും അതിന്റെ പ്രതിഫലനമായ വിശ്വസ്തതയും പുലർത്തുവാൻ ഒരു മാനസാന്തരം ആവശ്യമായിരിക്കുന്നു. മനുഷ്യന് മാനസാന്തരത്താൽ ഒരു മാറ്റം വരുത്തേണ്ടത് ദൈവമാണ്. ഉപേക്ഷിക്കുന്നവനുമല്ല, ദൈവം തന്റെ സ്വഭാവത്തിൽ ഗതിഭേദത്താൽ ആച്ഛാദനം വരുത്തുന്നവനല്ല. ദൈവം ദഹിപ്പിക്കുന്ന അഗ്നിയാണ്. തീക്ഷ്ണതയുള്ള ദൈവത്തെ മറന്നു കളയാതെ ദൈവത്തിൽ ആശ്രയിച്ച് ജീവിക്കാം. അതല്ലാതെ മറ്റൊരു മാർഗ്ഗമില്ല. ദൈവത്തെ വിശ്വസിച്ച് അവന് ഹിതമായ വഴികളിൽ വിശ്വസ്തതയോട് നടന്ന് ദൈവാനുഗ്രഹത്തിൽ സകലബുദ്ധിയേയും കവിയുന്ന ദൈവ സമാധാനത്തിൽ ജീവിക്കുവാൻ ദൈവം ഏവർക്കും കൃപ പകരട്ടെ. ❑

# ഇതു അന്ത്യകാലം: സഭാ ലക്ഷണങ്ങൾ

പാസ്റ്റർ ജോസഫ് ഇടക്കാട്ടിൽ, നിലമ്പൂർ



**ക**ഴിഞ്ഞ രണ്ടായിരം വർഷങ്ങളായി ദൈവമക്കൾ കർത്താവായ യേശുക്രിസ്തുവിന്റെ രണ്ടാം വരവിനെ നോക്കിപ്പാർത്തുകൊണ്ടിരിക്കുന്നു. കർത്താവിന്റെ വരവ് ഏറ്റവും അടുത്തുവെന്ന് കണ്ണും കാതും തുറന്നുവെച്ച് നിരീക്ഷിക്കുന്ന ഏതൊരു വ്യക്തിക്കും ബോധ്യമാകുന്ന കാര്യമാണ്.

തിമൊഥെയൊസിന് എഴുതിയ ലേഖനത്തിൽ ഈ അന്ത്യകാലത്ത് മനുഷ്യർക്ക് സംഭവിക്കുവാൻ പോകുന്ന ഗുരുതരമായ സ്വഭാവ വൈകല്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. ലോകമനുഷ്യർ മാത്രമല്ല വിശ്വാസികളും ഇങ്ങനെയുള്ള തിന്മ പ്രവർത്തിക്കുന്നവരായിത്തീരാൻ സാദ്ധ്യതയുണ്ടെന്നാണ് തിരുവചനത്തിൽ നിന്ന് മനസ്സിലാക്കേണ്ടതും. ഇങ്ങനെയുള്ളവരെ വിട്ടൊഴിവാൻ പറഞ്ഞിരിക്കുന്നതിൽനിന്ന് അതു നമ്മോടുള്ള മുന്നറിയിപ്പാണ് എന്ന കാര്യം ഉറപ്പാണല്ലൊ. അതുകൊണ്ട് ഇക്കാര്യങ്ങൾ കർത്താവിന്റെ രണ്ടാം വരവിനോടനുബന്ധിച്ചുള്ള സഭാലക്ഷണങ്ങളായി കണക്കാക്കാം.

ക്രിസ്തീയ ജീവിതത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഐഡന്റിറ്റി അഥവാ സവിശേഷത വിശുദ്ധിയും വേർപാടുമാണ്. അശുദ്ധി നമ്മുടെ ഇടയിൽ നിന്ന് നീക്കിക്കളയുവാൻ കഴിയാത്തവിധത്തിൽ ആഴത്തിൽ വേരൂന്നികഴിഞ്ഞു. അശുദ്ധിയെക്കുറിച്ചുള്ള നിർവചനങ്ങൾ നാം മാറ്റിയെഴുതുവാൻ ആരംഭിച്ചുവോ?മദ്യപാനവും വ്യഭിചാരവുമൊക്കെ വ്യക്തിസ്വാതന്ത്രത്തിന്റെ ഭാഗമാണെന്നും, പള്ളിയും പട്ടക്കാരനുമൊന്നും ഇക്കാര്യത്തിൽ ഇടപെടണ്ട എന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ നീങ്ങിയിരിക്കുന്നു. സ്വവർഗരതിയും, വിവാഹം കഴിക്കാതെ ഒന്നിച്ചു താമസിക്കുന്നതുമൊക്കെ ഫാഷനായിക്കഴിഞ്ഞു. ഇത്തരം അശുദ്ധമായ ജീവിതരീതിക്ക് രാജ്യത്തിന്റെ നിയമപിൻബലംകൂടി ഉണ്ടെന്നതു വളരെ ദുഃഖകരമായ വസ്തുതയാണ്.

മനുഷ്യൻ ഈ അന്ത്യകാലഘട്ടത്തിൽ ഇണങ്ങാത്തവർ ആയിത്തീരുമെന്ന് തിരുവചനം പറയുന്നു. ഇണങ്ങാത്തവർ എന്നതിന് ക്ഷമിക്കാൻ കഴിയാത്തവർ എന്ന് വ്യാഖ്യാനിക്കാം. ഭാര്യാഭർത്താക്കന്മാർ തമ്മിൽ പോലും ക്ഷമിക്കാൻ കഴിയാത്ത വിധത്തിൽ അകന്നുജീവിക്കുന്നത് ഈ അടുത്ത കാലത്ത് ധാരാളമായി കണ്ടുവരുന്നു. ചിലർ പരസ്പരം ക്ഷമിക്കാൻ കഴിയാതെ വിവാഹമോചനത്തിനായി ഓടുന്നു. വളരെ നിസാരമായ കാര്യങ്ങൾക്കുപോലും ഒത്തുപോകാൻ കഴിയാത്തവർ നമ്മുടെ വീടുകളിലും സഭകളിലുമെല്ലാം വർദ്ധിച്ചുവരുന്നത് അന്ത്യകാല ലക്ഷണം തന്നെയാണ്. പല കൂട്ടായ്മകളിലും പൊട്ടിത്തെറി ഉണ്ടാകുന്നത് നമുക്ക് പരസ്പരം ക്ഷമിക്കുവാൻ കഴിയാത്തതുകൊണ്ടല്ലേ? യേശുക്രിസ്തു ശത്രുക്കളോട് ക്ഷമിച്ചതൊക്കെ ഇന്ന് നമ്മുടെ പ്രസംഗവിഷയം മാത്രമായി അവശേഷിക്കുകയാണോ?

അന്ത്യകാലത്ത്, ദുർഘടസമയങ്ങൾ വരുമ്പോൾ മനുഷ്യൻ അജിതേന്ദ്രിയന്മാരും, ഉഗ്രന്മാരും, സൽഗുണദ്വേഷികളും, ദ്രോഹികളും, ധാർഷ്ട്യക്കാരും, നിഗളികളുമായിത്തീരുമെന്നാണ് ദൈവവചനം വിളിച്ചുപറയുന്നത്. നമ്മുടെ പഞ്ചേന്ദ്രിയങ്ങളെ നിയന്ത്രിക്കാൻ കഴിയാത്തവരായി പാപത്തിന്റെ താൽക്കാലിക സുഖസൗകര്യങ്ങളുടെ പുറകെ

സൗമ്യത നഷ്ടപ്പെട്ട ഒരു ലോകത്തിലാണ് ഇപ്പോൾ നമ്മൾ ജീവിക്കുന്നത്. ധിക്കാരവും ധാർഷ്ട്യവുമാണ് പലരുടേയും വ്യക്തിത്വ സവിശേഷതകൾ. വിനയവും, സൗമ്യതയും ഭീരുക്കളുടെ ലക്ഷണമാണെന്നാണ് പലരുടെയും ധാരണ. അങ്ങനെയുള്ളവർ ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരായിരിക്കുമെന്നാണ് വചനം പഠിപ്പിക്കുന്നത്.


അന്ത്യകാലത്തിന്റെ മറ്റൊരു പ്രധാന ലക്ഷണമാണ് സമ്പത്ത് സ്വരൂപിക്കാനുള്ള നമ്മുടെ വെപ്രാളം. ജീവിതത്തിൽ കഠിനാദ്ധ്വാനം ചെയ്ത് പണം സമ്പാദിക്കുന്നത് തെറ്റല്ല.. എന്നാൽ സമ്പത്ത് കേന്ദ്രീകൃതമായ ഒരു ജീവിതശൈലി നമുക്ക് ഉണ്ടാകാൻ പാടില്ല. നാം അദ്ധ്വാനിക്കുന്നത് നമുക്കും നമ്മുടെ പ്രിയപ്പെട്ടവർക്കും സുഖമായും സന്തോഷത്തോടെയും ജീവിക്കാൻ വേണ്ടിത്തന്നെയാണ്. എന്നാൽ നമ്മുടെ വീടും, വാഹനവും ജീവിതവുമെല്ലാം അത്യാഡംബരമായി മാറുന്നത് വചന വിരുദ്ധമാണ്. അത്യാഡംബരജീവിതം നയിക്കുന്ന സുവിശേഷവേലക്കാർപോലും ഉണ്ട്. ഈ കാലഘട്ടം അതിന്റെ അന്ത്യത്തിലേക്ക് വന്നിരിക്കുന്നു. നാം അത്യാഡംബരത്തോടെ നടത്തുന്ന വിവാഹങ്ങളും, സദ്യകളുമൊക്കെ പാവപ്പെട്ടവരോട് കാണിക്കുന്ന അനീതിയല്ലേ? മലബാറിലും വടക്കേ ഇന്ത്യയിലുമൊക്കെ അന്നന്നത്തെ ജീവിതം തള്ളിനീക്കാൻ പ്രയാസപ്പെടുന്ന പാവപ്പെട്ട സുവിശേഷകരുള്ള നമ്മുടെ രാജ്യത്ത് പണം ആർത്തിയോടെ സ്വരൂപിക്കുന്നതും, അത്യാഡംബരമായി ചെലവഴിക്കുന്നതും വചനവിരുദ്ധമാണ്, അന്ത്യകാലലക്ഷണമാണ്. കഠിനാദ്ധ്വാനം ചെയത് പണം സമ്പാദിക്കുന്നുണ്ടെങ്കിലും അത്യന്തം ലളിതജീവിതം നയിച്ച്, വീട്ടുകാർക്കും, സഭക്കാർക്കും കർത്തൃവേലയ്ക്കുമായി ജീവിതം ഹോമിക്കുന്ന പ്രവാസി മലയാളികൾ സമ്പത്തിന്റെ വിനിയോഗത്തിൽ ഉചിതമായ മാതൃക കാണിച്ചുതരുന്നത് ഏതായാലും ആശ്വാസദായകമാണ്. *(തുടരും)*

മനുഷ്യൻ പായുമെന്നാണ് ഈ അന്ത്യകാല ലക്ഷണങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നത് പാപവും, പാപത്തിന്റെ ശിക്ഷയായ നരകവാസവുമൊക്കെ കെട്ടുകഥയാണെന്നും, പരമാവധി ജീവിതം ആസ്വാദിച്ച് ജീവിക്കുക എന്നതാണ് ഈ കാലഘട്ടത്തിന്റെ മുദ്രാവാക്യം. അമിതമായ കോപത്തെയും, എടുത്തുചാട്ടത്തെയും, എന്തിന് അക്രമവാസനയേപ്പോലും തടുത്തുനിർത്താൻ ഇന്ന് മനുഷ്യന് കഴിയുന്നില്ല. ഈ അന്ത്യകാലത്തു മനുഷ്യർ ഉഗ്രന്മാർ (ക്രൂരന്മാർ) ആയി മാറിക്കൊണ്ടിരിക്കുന്നു. സ്വന്തം പിഞ്ചുകുഞ്ഞിനെ അതിക്രൂരമായി മർദ്ദിച്ചുകൊല്ലുന്ന മാതാപിതാക്കൾ ജീവിക്കുന്ന ഈ കാലഘട്ടം അന്ത്യകാലമെന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ. പ്രസവിച്ച് പാലൂട്ടി വളർത്തിയ അമ്മയെ കൊല്ലുന്ന മക്കളും, മക്കളെ കൊല്ലുന്ന അമ്മമാരും ഇന്ന് നമുക്ക് ഒരു സാധാരണസംഭവം മാത്രമായി ത്തീർന്നോ?

ഓരോരുത്തരും സ്വന്തഗുണം മാത്രം അന്വേഷിക്കുന്നു. മറ്റുള്ളവർക്ക് എന്ത് സംഭവിച്ചാലും എനിക്കൊരു മനസാക്ഷിക്കുത്തുമില്ല, ഞാൻ എന്റെ വഴി മാത്രം നോക്കുമെന്നതാണ് നമ്മുടെ ജീവിതരീതി. റോഡപകടങ്ങളിൽപ്പെട്ട് മരണത്തോടു മല്ലടിച്ചു കിടക്കുന്നവരെ കണ്ടാലും നിസംഗതയോടെ കടന്നു പോകുവാൻ തക്കവണ്ണം നമ്മുടെ മനഃസാക്ഷി മരവിച്ചു പോയിരിക്കുന്നു. അന്ത്യകാലത്തു മനുഷ്യർ സൽഗുണദ്വേഷികളായിത്തീരുമെന്ന് വചനം പറയുന്നത്, അക്ഷരാർത്ഥത്തിൽ ശരിയായിത്തീർന്നിരിക്കുന്നു. മറ്റുളളവർ ചെയ്യുന്നതിൽ എല്ലാം കുറ്റം കണ്ടെത്തുവാനുള്ള മനുഷ്യന്റെ താൽപര്യം ഇന്ന് എത്ര ശക്തമായിത്തീർന്നിരിക്കുന്നു. മറ്റുള്ളവർ ചെയ്യുന്നത് എത്ര സൽഗുണമുള്ള കാര്യമാണെങ്കിലും അതിലൊക്കെ തെറ്റുകുറ്റങ്ങൾ കണ്ടെത്തി വിമർശിക്കുകയും, അവരെ എഴുന്നേല്ക്കാൻ സമ്മതിക്കാത്ത വിധത്തിൽ പെരുമാറുകയും ചെയ്യുന്നു. സ്വന്തകുറ്റം മൂടിവെച്ച് അന്യരുടെ ചെറുകുറവുകൾ പോലും മൈക്രോസ്കോപ് വെച്ച് പരിശോധിക്കുകയും ചെയ്യുന്നവരായി മനുഷ്യർ മാറിയിരിക്കുന്നു.

# മാതാപിതാക്കളുടെ ദുർമ്മോഹത്തിന്റെ ബലിയാടുകൾ

ഡോ. ചാൾസ് ജോൺ, തിരുവനന്തപുരം



**1996** ഏപ്രിൽ 11-ാം തീയതി അമേരിക്കയിലാണ് ഈ സംഭവകഥ അരങ്ങേറിയത്. നാലടി അഞ്ചിഞ്ച് ഉയരം, അമ്പത്തഞ്ചു റാത്തൽ ഭാരം, ഏഴു വയസ്സ്, പേര് ജസ്സിക്കാ ഡബ്റോഫ്. വിമാനം പറത്തുന്നതിൽ ഒരു ലോകറെക്കേഡ് സൃഷ്ടിക്കണമെന്ന മാതാപിതാക്കളുടെ ദുർമ്മോഹത്തിന്റെ ബലിയാടാണ് ആ ഏഴു വയസ്സുകാരി.

അമേരിക്കയുടെ ഒരറ്റത്തുനിന്നും അതായത്, കാലിഫോർണിയാ മുതൽ മറ്റേ അറ്റമായ മാസച്യൂസെറ്റ്സ് വരെ വിമാനം സ്വയം പറത്തിയ ഏറ്റവും പ്രായംകുറഞ്ഞ വ്യക്തി എന്നു വ്യോമയാനചരിത്രത്തിന്റെ ഏടുകളിൽ സ്വപുത്രിയുടെ പേര് സ്വർണ്ണലിപികളിൽ ആലേഖനം ചെയ്യപ്പെടണം എന്ന ദുർമ്മോഹമായിരുന്നു സ്വന്തം മകളെ ഈ സാഹസത്തിനു പ്രേരിപ്പിച്ചത്. സാൻഫ്രാൻസിസ്കോയ്ക്ക് ഇരുപതുമൈൽ തെക്കായിട്ടുള്ള ഹാഫ് മൂൺ ബേ എയർപോർട്ടിൽനിന്നാണ് ജസ്സിക്കയും പിതാവ് ലോയിഡ് ഡബ്റോഫും അവളെ പറക്കാൻ പഠിപ്പിക്കുന്ന ഇൻസ്ട്രക്ടർ ജോ റീഡും ഏപ്രിൽ പത്തിനു യാത്രയാരംഭിച്ചത്. വയോമിങ്ങിലെ ഷെയ്ൻ എയർപോർട്ടിലിറങ്ങി വിശ്രമിച്ചശേഷം പിറ്റേന്നു യാത്ര തുടർന്നു. എന്നാൽ തോരാത്ത പേമാരിയുടെയും കൊടുങ്കാറ്റിന്റെയും നടുവിൽ നാലു സീറ്റുള്ള ചെറിയ വിമാനം പറന്നുയർന്ന് ഒരു മിനിറ്റനകം അതു മൂക്കുകുത്തി സമീപത്തെ ടാർ റോഡിൽ പതിച്ചു. വിമാനത്തിലുണ്ടായിരുന്ന മൂന്നുപേരും തൽക്ഷണം കൊല്ലപ്പെട്ടു. മകളുടെ പ്രായത്തിനും കഴിവിനും അതീതമായതു ചെയ്യിച്ച് പേരു സമ്പാദിക്കുന്നതു കണ്ട് സായൂജ്യമടയാനുള്ള മാതാപിതാക്കളുടെ അദമ്യമായ ആവേശത്തിന്റെ അഭിശപ്തമായ പരിസമാപ്തിയാണ് നാമിവിടെ വായിച്ചത്.

വയോമിങ്ങിൽ നിന്നും ലക്ഷ്യത്തിലേക്കു യാത്ര പുനരാരംഭിച്ചപ്പോൾ കാലാവസ്ഥ തികച്ചും പ്രതികൂലമായിരുന്നു. കാലാവസ്ഥ നിരീക്ഷിച്ച് യാത്ര ചെയ്യണമോ വേണ്ടയോ എന്നു തീരുമാനിക്കേണ്ട ചുമതല പൈലറ്റിനാണുള്ളത്. ഏഴു വയസ്സുകാരിക്ക് അത്തരമൊരു നിഗമനത്തിലെത്താനുള്ള കഴിവില്ലല്ലോ. പ്രശസ്തിയുടെ കൊടുമുടി പിടിച്ചടക്കുന്ന ദിവാസ്വപ്നം കണ്ടുകൊണ്ടിരുന്ന ജസ്സിക്കയുടെ പിതാവിനോ കോ പൈലറ്റ് ജോ റീഡിനോ അതൊരു പ്രശ്നമേ അല്ലായിരുന്നു. അവർ മുന്നിൽ കണ്ടത് അവർക്കെല്ലാം ലഭിക്കുവാൻ പോകുന്ന അംഗീകാരങ്ങളും പുരസ്കാരങ്ങളും മാത്രമായിരുന്നു. പോരെങ്കിൽ പൈലറ്റാണല്ലോ കാലാവസ്ഥ നിരീക്ഷിക്കേണ്ടത്. പരിചയസമ്പന്നരായ വൈമാനികർക്കു പോലും ദുഷ്കരമായ ഒരു യാത്രയ്ക്കാണവർ ഒരുമ്പെട്ടത്. ഒരു മിനിറ്റിനുള്ളിൽ എല്ലാം തകർന്നു തരിപ്പണമായി.

മാതാപിതാക്കളുടെ സ്വപ്നങ്ങളുടെ പ്രതീകങ്ങളായി മാറിക്കൊണ്ടിരിക്കയാണു മക്കൾ. അവർക്കു നേടിയെടുക്കുവാൻ കഴിയാതെപോയ സ്വപ്നങ്ങൾ മക്കൾ യാഥാർത്ഥ്യമാക്കി മാറ്റണമെന്നവർ വ്യാമോഹിക്കുന്നു. മക്കൾ ഉന്നതശ്രേണികളിലെത്തിച്ചേരുന്നതിനുവേണ്ടി, അവരുടെ കഴിവുകളും അഭിരുചികളും ഇംഗിതങ്ങളും കണക്കിലെടുക്കാതെ അവരെ അഹോരാത്രം ഉന്തിത്തള്ളുന്ന മാതാപിതാക്കൾക്കു ശക്തമായ ഒരു

താക്കീതാണ് ജസ്സിക്കാദുരന്തം നല്കുന്നത്. പരീക്ഷാഫലം പുറത്തുവരുമ്പോൾ മാതാപിതാക്കളുടെ പ്രതീക്ഷയ്ക്കനുസൃതമായി ഉന്നതവിജയം വരിക്കാൻ കഴിയാത്ത എത്രയോ പിഞ്ചോമനകളാണ് മാതാപിതാക്കളെ അഭിമുഖീകരിക്കാൻ അശക്തരായി ആത്മഹത്യയുടെ വഴി തേടുന്നത്. എത്രയെത്ര കുട്ടികളാണ് സഹപാഠികളുമായി സംഘം ചേർന്ന് വീടുവിട്ട് ഓടുന്നത്. എത്രയോ കുഞ്ഞുങ്ങളാണ് മാർക്കു കുറഞ്ഞതിന്റെ പേരിൽ മാതാപിതാക്കളുടെ മൃഗീയമായ മൂന്നാംമുറയ്ക്കു വിധേയരാകുന്നത്!

കുഞ്ഞുങ്ങളിലുള്ള നൈസർഗ്ഗിക വാസനകളെ അവരുടെ വളർച്ചയ്ക്കനുസൃതമായി വളർത്തിയെടുക്കാനുള്ള വ്യഗ്രതയാണു മാതാപിതാക്കൾക്കു സ്വാഭാവികമായി കാണേണ്ടത്. കുഞ്ഞുങ്ങൾ കുഞ്ഞുങ്ങളാണെന്നും അവർ പ്രായപൂർത്തിയായവർ അല്ല എന്നുമുള്ള അവബോധം മാതാപിതാക്കൾക്കു അവശ്യം ആവശ്യമാണ്. സ്കൂളിൽ പോകുന്നതിനുമുമ്പ് ട്യൂഷൻ, സ്കൂളിൽ വിശ്രമമില്ലാതെയുള്ള അഭ്യസനം, സ്കൂൾ കഴിഞ്ഞാലുടൻ അവിടെനിന്നും വീണ്ടും ട്യൂഷൻ സെന്ററിലേക്കുള്ള ഓട്ടം, രാത്രി വീട്ടിലെത്തിയാൽ ഹോം വർക്ക്, കൊച്ചുവെളുപ്പാൻകാലത്തു തല്ലിയെഴുന്നേല്പിച്ച് വീണ്ടും ട്യൂഷൻ, അങ്ങനെപോകുന്നു ഒരു കുഞ്ഞിന്റെ 24 മണിക്കൂറുകൾ. അവധി ദിവസങ്ങളുടെ കാര്യം ചിന്തിക്കപോലും വേണ്ടാ. നേരം വെളുക്കുന്നതുമുതൽ അർദ്ധരാത്രിവരെയും ട്യൂഷൻ. ഈ കുഞ്ഞിനു വിശ്രമമുണ്ടോ, മാതാപിതാക്കളേ ഒന്നു ചിന്തിക്കുക. എന്തിനാണിങ്ങനെ തുമ്പിയെക്കൊണ്ടു അതിനു വഹിക്കാവുന്നതിലും ഭാരമേറിയ കല്ലു എടുപ്പിക്കുന്നത്?

കാരണമുണ്ട്. അവർ ഒന്നുകിൽ ഐ.എ.എസ് അല്ലെങ്കിൽ ഐ.പി.എസ് ഉദ്യോഗസ്ഥർ, അല്ലെങ്കിൽ ഡോക്ടർ അല്ലെങ്കിൽ സി.എ. അല്ലെങ്കിൽ ഫൈനാൻസ് മാനേജർ ആയാലും മതി. ഇവർക്കെല്ലാം ആണ് ഏറ്റവും കൂടുതൽ ശമ്പളം കിട്ടുന്നത്. ഇക്കഴിഞ്ഞയിടവരെ കമ്പ്യൂട്ടർ എൻജിനിയർ+ എം. ബി.എ.യ്ക്കും ഡിമാൻഡുണ്ടായിരുന്നു. നിരവധി എൻജിനിയറിംഗ് കോളജുകൾക്കു താഴിട്ടതോടെ ആ സ്വപ്നലോകത്തോടുള്ള താത്പര്യം കുറഞ്ഞിരിക്കുന്നു. നാലോ അഞ്ചോ വർഷംകൊണ്ടു പഠനം പൂർത്തിയാക്കാൻ കഴിഞ്ഞില്ലെങ്കിലും എങ്ങനെയെങ്കിലും എത്ര വർഷം കൊണ്ടായാലും ഒരു ഡോക്ടറോ, സി.എയോ ഒക്കെ ആയാൽ മതി. കുടുംബത്തെ കടക്കെണിയിൽ ആഴ്ത്തിയാലും വേണ്ടില്ല ലക്ഷ്യപ്രാപ്തിയിലെത്തിയാൽ മതി. ഏതു സാഹസവും ചെയ്യാൻ നമ്മിൽ അനേകരും തയ്യാറല്ലേ? സ്വദേശത്തു അഡ്മിഷൻ കിട്ടിയില്ലെങ്കിൽ വിദേശത്തു വിട്ടായാലും ഒരു ഡി. ആർ.ഡിഗ്രിയെടുക്കണമെന്നു മാത്രം. പക്ഷേ വിദേശബിരുദങ്ങളുമായി ഇൻഡ്യയിൽ മടങ്ങിയെത്തിയാൽ അത്തരം ബിരുദങ്ങൾക്കു അംഗീകാരം ലഭിക്കണമെങ്കിൽ പിന്നേയും കടക്കണം അനേകം കടമ്പകൾ. അതിലും ഏറ്റവും സമർത്ഥർ മാത്രമാകും വിജയികൾ ആകുക. ചുരുക്കത്തിൽ അത്തരം ബിരുദങ്ങൾക്കു അവ അച്ചടിച്ച കടലാസിന്റെ വിലപോലും ചിലപ്പോൾ കണ്ടില്ലെന്നിരിക്കും.

ചന്ദ്രയാൻ-2 ദൗത്യത്തിലൂടെ ആഗോള പ്രശസ്തിയുടെ കൊടുമുടിയിലേറിയ ഡോക്ടർ കെ. ശിവൻ അവർകൾ കേരളത്തോടുചേർന്ന കന്യാകുമാരിജില്ലയിലെ തരകൻവിളയിൽ ജനിച്ച് സ്വഗ്രാമത്തിലെ തമിഴ് മീഡിയം സ്കൂളിലാണ് പ്രാഥമികവിദ്യാഭ്യാസം പൂർത്തിയാക്കിയത്. നാഗർകോവിൽ ഹിന്ദു കോളജിൽനിന്നും ബിരുദം പൂർത്തിയാക്കിയ, കുടുംബത്തിലെ പ്രഥമബിരുദധാരി. മദ്രാസ് ഐ.ഐ.റ്റിയിൽനിന്നും 1980ൽ എയ്റോനോട്ടിക്കൽ എൻജിനിയറിംഗ് ബിരുദവും 1982ൽ ബെംഗളൂരു ഐ.ഐ.റ്റിയിൽനിന്നും എയ്റോസ്പേസ് എൻജിനിയറിംഗിൽ ബിരുദാനന്തര ബിരുദവും 2006ൽ ബോംബേ ഐ.ഐ.റ്റിയിൽനിന്നും പി.എച്ച്.ഡിയും സ്വന്തമാക്കി. ട്യൂഷനോ ഇതര കോച്ചിങ് ക്ലാസ്സുകൾക്കോ പോകാതെ സ്വന്തം നിലയ്ക്കായിരുന്നു പഠനം. അദ്ദേഹത്തിന്റെ സ്ഥാനലബ്ധികളിൽ അനേകരോടു കടപ്പാടുണ്ടായിരുന്നാലും എല്ലാറ്റിലു

മുപരി ഈശ്വരാനുഗ്രഹമാണ് തന്റെ സകല നേട്ടങ്ങൾക്കും പിന്നിലെന്നു അദ്ദേഹം വാർത്താമാധ്യമങ്ങളോടു ഇക്കഴിഞ്ഞയിടെ പ്രസ്താവിക്കയുണ്ടായി.

പത്താം ക്ലാസ്സിനുശേഷം സഭാ നേതൃത്വമൊരുക്കുന്ന ക്യാമ്പുകളിൽ പങ്കുകൊള്ളുന്ന ചിലരെങ്കിലും ക്യാമ്പിന്റെ ആവേശത്തിൽ, പന്ത്രണ്ടു കഴിഞ്ഞാലുടൻ ബൈബിൾ പഠിക്കാൻവേണ്ടി തത്സംബന്ധമായ കോളജുകളുടെ വിലാസം അന്വേഷിക്കയും ശിഷ്ടകാലം കർത്താവിനെ സേവിക്കും എന്നൊക്കെ പ്രതിജ്ഞചെയ്കയും ചെയ്യാറുണ്ട്. പക്ഷേ, പതിനൊന്നിലായിക്കഴിയുമ്പോൾ അന്നത്തെ ആവേശം കുറെയൊക്കെ കെട്ടടങ്ങിയിട്ട് ഏതു കോച്ചിങ് സ്കൂളിലാണ് എൻട്രൻസിനു പോകേണ്ടതെന്നാവും അന്വേഷണം. അത്തരമൊരു സംസ്കാരമാണ് നാം ഊട്ടിയുറപ്പിച്ചിരിക്കുന്നത്.

ദൈവത്തെ ആരാധിക്കാൻ വേണ്ടി വേർതിരിച്ചിരിക്കുന്ന ദിവസമാണ് ആഴ്ചയുടെ ആരംഭദിനമായ ഞായർ. മാതാപിതാക്കളുടെ ദുർമ്മോഹത്തിന്റെ ബലിയാടുകളായ എത്രയോ കുഞ്ഞുങ്ങൾക്കാണ് ആരാധനാസ്വാതന്ത്ര്യം മാതാപിതാക്കൾ തന്നെ നിഷേധിക്കുന്നത്? കാരണം ഞായറാഴ്ച പ്രഭാതം മുതൽ പ്രദോഷം വരെ അവരെ ട്യൂഷനു വിടും; എങ്കിൽ മാത്രമേ എല്ലാ വിഷയങ്ങൾക്കും ഏ പ്ലസ് ലഭിക്കയുള്ളുവെന്നാണ് അനേകരും കരുതുന്നത്. പഠിപ്പിക്കാൻ അദ്ധ്യാപകരും പഠിക്കാൻ വിദ്യാർത്ഥികളുടെ നീണ്ടനിരയുമുള്ളതുകൊണ്ടല്ലേ ട്യൂഷൻ സെന്ററുകൾ ഞായറാഴ്ചയും പ്രവർത്തനക്ഷമമായിരിക്കുന്നത്? ഞങ്ങൾ ആറു മക്കൾ സ്കൂളിലും കോളജിലുമൊക്കെ പഠിച്ചിരുന്ന കാലം ഓർത്തുപോകുന്നു. അദ്ധ്യാപകരായ മാതാപിതാക്കളാൽ ജനിച്ചുവളർത്തപ്പെട്ട ഞങ്ങളുടെ ഭവനത്തിലെ നിയമം ശനിയാഴ്ച വൈകിട്ടുമുതൽ ഞായറാഴ്ച വൈകിട്ടുവരെയുള്ള 24 മണിക്കൂർ സ്കൂളിലെ പാഠങ്ങൾ പഠിക്കാൻ പാടില്ല എന്നായിരുന്നു. ആ സമയം യൂത്ത് മീറ്റിംഗ്, ആരാധന, സൺഡെസ്കൂൾ, കോട്ടേജ് മീറ്റിങ്ങുകൾ ഇത്യാദി ദൈവകാര്യങ്ങൾക്കായി മാത്രം ഉപയോഗിക്കണം എന്നായിരുന്നു മാതാപിതാക്കൾ നിഷ്കർഷിച്ചിരുന്നത്. ഞങ്ങൾ ആരും കളക്ടറോ, എം. ഡി. ഡോക്ടറോ ആയില്ല എന്നതൊരു യാഥാർത്ഥ്യം. പക്ഷേ, ഞങ്ങൾ ഓരോരുത്തരും ദൈവം ഞങ്ങളെക്കുറിച്ച് എന്താണ് ഉദ്ദേശിച്ചിരുന്നുവോ അത് ആയി എന്നുറപ്പാണ്. എല്ലാറ്റിലുമുപരി, ആറുപേരും ചെറുപ്രായത്തിൽത്തന്നെ യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവും കർത്താവുമായി സ്വീകരിക്കാനും മാതൃകാപരമായ ക്രിസ്തീയജീവിതം നയിക്കാനും ഇടയായി. നീതിമാന്റെ സന്തതികൾക്കു അപ്പത്തിനു ഒരിക്കലും മുട്ടുണ്ടായിട്ടുമില്ല. നമ്മുടെ മക്കൾ ആരായിത്തീരണമെന്നു ദൈവം ആഗ്രഹിക്കുന്നുവോ, അവർ അതായിത്തീരുമെന്നുള്ളതിൽ ഒരു സംശയവും വേണ്ടാ. ദൈവത്തിനു കൊടുക്കേണ്ട സമയം കവർന്നെടുത്ത് മക്കൾക്കു ഏ പ്ലസിനു വേണ്ടി പരിശ്രമിക്കേണ്ടതില്ല എന്നു ചുരുക്കം. നമ്മെക്കുറിച്ചും നമ്മുടെ മക്കളെക്കുറിച്ചും എല്ലാം ദൈവത്തിനു വ്യക്തമായ പദ്ധതിയുണ്ട്. മാതാപിതാക്കൾ എം.ഡി. വരെ പഠിപ്പിച്ചെടുത്ത ഒരു ഡോക്ടർ ഈയിടെ ഉദ്യോഗം രാജിവച്ച് കർത്താവിന്റെ വേലയ്ക്കു പോയതായി അറിയുന്നു. ഈ ലേഖനകർത്താവ് അമേരിക്കയിൽ സർക്കാരിന്റെ ആരോഗ്യമേഖലയിലുണ്ടായിരുന്ന ഉന്നതമായ ഉദ്യോഗം ചപ്പെന്നും ചവറെന്നും എണ്ണിയാണ് അതിനേക്കാൾ അതിശ്രേഷ്ഠമായ കർത്തൃസേവയ്ക്കു വേണ്ടി കർത്താവിന്റെ ആഹ്വാനത്തിനനുസൃതമായി ഉദ്യോഗം രാജിവച്ചത്. അതുപോലെതന്നെ അമേരിക്കയിലെ ഒരു പ്രശസ്തമായ യൂണിവേഴ്സിറ്റിയിൽ നിന്നും എം. ബി. എ. ബിരുദം കരസ്ഥമാക്കിയ എന്റെ മൂത്തമകൻ വിനോദും ബിരുദാനന്തര ബിരുദധാരിയായ ഭാര്യ സൂസനും എന്നെ അനുഗമിപ്പിൻ എന്ന ആഹ്വാനത്തോടു അനുസരണ കാട്ടി മുഴുസമയവും കർത്തൃ ശുശ്രൂഷയിലാണ്. നമ്മുടെ ഭാവി ദൈവകരങ്ങളിൽ നാം സമർപ്പിക്കുമോ? നമ്മെക്കാൾ എല്ലാം നന്നായി നിർവ്വഹിപ്പാൻ നാം ദൈവത്തെ ഒന്ന് അനുവദിക്കുമോ?

നമുക്കു കഴിയാതെ പോയതു നേടിയെടുക്കാൻ മക്കളുടെമേൽ സമ്മർദ്ദം ചെലുത്തുന്നത് അഭിലഷണീയമല്ല. അവരുടെ സ്വതസിദ്ധമായ കഴിവുകളും അഭിരുചിയും വളർത്തിയെടുക്കാനാണു നാം ശ്രമിക്കേണ്ടത്. ശൈശവം, ബാല്യം, കൗമാരം, യൗവനം ഇതൊക്കെ ജീവിതത്തിന്റെ വിവിധ ശ്രേണികളാണ്. ആ ഘട്ടങ്ങൾക്കു കുറുക്കു വഴികൾ ഇല്ല. സ്വാഭാവികമായി അവയെ പിന്നിടുവാൻ കുഞ്ഞുങ്ങളെ അനുവദിക്കുക. സൺഡേ സ്കൂളിൽ പോകേണ്ടസമയത്ത് അതിനു മുൻഗണനന നല്കുകയും ദൈവിക വഴിയിൽ വളർത്തുകയും ചെയ്യുക. മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുക. അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും (മത്തായി 6:33). നമുക്കുവേണ്ടതെല്ലാം നല്കി നമ്മെ അനുഗ്രഹിക്കുന്ന ദൈവത്തിൽ സമ്പൂർണ്ണമായി ആശ്രയിക്കുക. അതിനായി ദൈവം അനുവാചകരെ സഹായിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

Pushed by parents to achieve or treated like adults, many of today's children are paying the price".

**അടിക്കുറിപ്പ്:**

പ്രശസ്തിക്കുവേണ്ടി ലോകനെറുകയിലെത്താൻ ജറ്റ് വിമാനത്തിന്റെ എൻജിൻ ഘടിപ്പിച്ച കാറിൽ സാഹസിക കാറോട്ടം നടത്തിയ ജെസി കോംസ് (36)മുപ്പത്തിആറാമത്തെ വയസ്സിൽ ദാരുണമായി കൊല്ലപ്പെട്ടു. ഓറിഗണിലെ അൽവോഡ് മരുഭൂമിയിൽ നടത്തിയ സാഹസിക കാറോട്ടത്തിനിടെയാണ് 2019 ആഗസ്റ്റ് 27ന് ലോകത്തിലെ ഏറ്റവും വേഗതയേറിയ വനിതയാകാനുള്ള ശ്രമത്തിനിടെ യൂ. എസ്. റേസ് കാർ ഡ്രൈവറും ടി.വി. അവതാരകയുമായ ജെസി കോംസിനു അത്യാഹിതം സംഭവിച്ചത്. 1976-ൽ യൂ.എസിലെ കിറ്റി ഒനീൽ എന്ന വനിത സ്ഥാപിച്ച മണിക്കൂറിൽ 512 മൈൽ(819 കിലോമീറ്റർ) റെക്കോഡ് തകർക്കാനുള്ള ശ്രമത്തിലായിരുന്നു ജെസി. കിറ്റി ഒനീലാകട്ടെ തന്റെ 72-ാം വയസ്സിൽ ന്യൂമോണിയാ ബാധിച്ചാണു മരിച്ചത്; ജെസിയുടെ ഇരട്ടി പ്രായമുള്ളപ്പോൾ!! ❑

---

*17- ാം പേജ് തുടർച്ച... (സ്വന്തം നാടില്ലാത്ത...)*

ശേഷം ആഗി അദ്ദേഹത്തെ സമീപിക്കയും ഡേവിഡ് ഫ്ളഡ് ദമ്പതികളെക്കുറിച്ച് കേട്ടിട്ടുണ്ടോ എന്ന് ചോദിക്കയും ചെയ്തു.

''തീർച്ചയായും, മാഡം - അയാൾ പറഞ്ഞു. സ്വിയാ ഫ്ളഡ് ആണ് എന്നെ കർത്താവിങ്കലേക്ക് നടത്തിയത്. നീ ജനിക്കുന്നതിന് മുമ്പ് അവർക്കു ഭക്ഷണം കൊണ്ടു വന്നു കൊടുത്തിരുന്നത് ഞാനാണ്. നിന്റെ മാതാവിനെക്കുറിച്ചുള്ള ഓർമ്മകളും അവളുടെ ശവകുടീരവും ഞങ്ങൾ ബഹുമാനപുരസ്സരം കാത്തു സൂക്ഷിക്കുന്നു''. വളരെ വികാരവായ്പോടുകൂടി അയാൾ അവളെ ആലിംഗനം ചെയ്തു. അതിനുശേഷം ആഫ്രിക്കയിലേക്ക് അവരെ ക്ഷണിക്കയും ചെയ്തു.

ആഗി ഹേഴ്സ്റ്റും ഭർത്താവും ആഫ്രിക്കയിലേക്ക് പോവുകതന്നെ ചെയ്തു. എൻഡൊലീരയിലെ ഗ്രാമവാസികൾ ഒന്നടങ്കം അവരെ ആർപ്പുവിളികളോടെ സ്വീകരിച്ചു. അനേക വർഷങ്ങൾക്കുമുമ്പ് ആഗിയെ തൊട്ടിലോടുകൂടി ചുമന്നു മിഷൻസെന്ററിലേക്ക് കൊണ്ടുപോയ കൂലിക്കാരനെയും അവർ കണ്ടുമുട്ടി. മാതാവിന്റെ ശവകൂടീരത്തിനടുത്തെത്തിയപ്പോൾ ആഗി നിലത്തു മുട്ടുകുത്തി കർത്താവിന് സ്തുതി സ്തോത്രങ്ങൾ അർപ്പിച്ചു. ഏറ്റവും ഹൃദയസ്പൃക്കായ ഒരു സന്ദർഭമായിരുന്നു അത്.

പിന്നീട് നടന്ന പള്ളിശുശ്രൂഷയുടെ സമയത്ത് പാസ്റ്റർ ബൈബിളിൽനിന്ന് യോഹ. 12:24 നെ അധികരിച്ച് സംസാരിച്ചു. "ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: കോതമ്പുമണി നിലത്തുവീണു ചാകുന്നില്ല എങ്കിൽ അതു തനിയേ ഇരിക്കും; ചത്തു എങ്കിലോ വളരെ വിളവുണ്ടാകും". തുടർന്ന് സങ്കീ.126 ന്റെ 5-ാം വചനം ഇങ്ങനെ വായിച്ചു "കണ്ണുനീരോടെ വിതെക്കുന്നവർ ആർപ്പോടെ കൊയ്യും".

(Aggie Hurst എഴുതിയ "The Inspiring story of A Girl without A Country" എന്ന പുസ്തകത്തിൽ നിന്ന്.) ❑

## QUEST 68

(ഈ ലക്കം QUEST 68– ലെ ചോദ്യങ്ങൾ യിരെമ്യാപ്രവചനം 27 മുതൽ 52 വരെയുള്ള അധ്യായങ്ങളിൽ നിന്നുമാണ്)

1. യഹോവയുടെ കൈയിൽ സർവ്വഭൂമിയെയും ലഹരി പിടിപ്പിക്കുന്ന പൊൻ പാനപാത്രമായിരുന്നത് ആര്?
2. യഹോയാഖീനെ കാരാഗൃഹത്തിൽനിന്നും വിടുവിച്ച ബാബേൽ രാജാവ് ആര്?
3. യഹോവയുടെ അരുളപ്പാടുകൾ യിരെമ്യാവ് എന്തിലാണ് എഴുതി സൂക്ഷിച്ചത്?
4. ബാബേൽ രാജാവ് എവിടെവച്ചാണ് സിദെക്കിയാവിന്റെ പുത്രന്മാരെ അവൻ കാൺകെ കൊന്നുകളഞ്ഞത്?
5. ബാബേൽ രാജാവ് യഹൂദാ പട്ടണങ്ങൾക്ക് അധിപതിയാക്കിയിരുന്നത് ആരെ?
6. യോശിയാവിന്റെ മകന്റെ പേരെന്ത്?
7. ആരേക്കുറിച്ചാണ് യഹോവയുടെ വാത്സല്യപുത്രനോ എന്ന് പറഞ്ഞിരിക്കുന്നത്?
8. ഗെദല്യാവെയും കൂട്ടരെയും കൊന്നു കുഴിയിൽ ഇട്ടത് ആര്?
9. സിദെക്കിയാവിനെ തീയിലിട്ടു ചുട്ടുകൊന്നത് ആര്?
10. .................. പിടിക്കപ്പെട്ടു എന്ന ഘോഷംകൊണ്ടു ഭൂമി നടുങ്ങുന്നു.
11. സിദെക്കിയാവിന്റെ കണ്ണുപൊട്ടിച്ച് ജീവപര്യന്തം കാരാഗൃഹത്തിലാക്കിയത് ആര്?
12. ഗിലെയാദിൽ ചെന്നു തൈലം വാങ്ങുവാൻ ആരോടാണ് പറഞ്ഞത്?
13. ശത്രുക്കൾ യിരെമ്യാവിനെ ഇട്ട കുഴി ആരുടേതായിരുന്നു?
14. യിരെമ്യാവ് ഹനമെയേലിനോട് വാങ്ങിയ നിലത്തിന്റെ വില എത്ര?
15. യിരെമ്യാവിന്റെ കഴുത്തിൽനിന്നും നുകം ഒടിച്ചുകളഞ്ഞത് ആര്?
16. ബാബേൽപുത്രി മെതികാലത്തെ.............പോലെ ആയിരിക്കുന്നു.
17. യഹോവയുടെ പ്രവൃത്തി ഉദാസീനതയോടെ ചെയ്യുന്നവൻ ...............
18. ഏത് ദേശമാണ് സ്തംഭനവിഷയമായിത്തീർന്നത്?
19. .................. കടല്പുറത്തു ശേഷിപ്പുള്ള ഫെലിസ്ത്യരെ യഹോവ നശിപ്പിക്കും.
20. യിരെമ്യാവ് അടയ്ക്കപ്പെട്ടത് എവിടെയാണ്?

### പ്രത്യേക ശ്രദ്ധയ്ക്ക്

**ക്വെസ്റ്റ് 68**-ന്റെ ഉത്തരങ്ങൾ റഫറൻസു സഹിതം **2019 ഡിസംബർ 20** നു മുമ്പായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

***ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം :***

**ക്രൈസ്തവ വനിത, ഗുഡ്ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം – 695 011**

### QUEST- 67 ശരി ഉത്തരങ്ങൾ

| | | |
|---|---|---|
| 1. | പാറയുടെ വിള്ളലിൽ | യിരെ. 13:4 |
| 2. | ബെൻഹിന്നോം | യിരെ. 7:31 |
| 3. | ഇരുമ്പെഴുത്താണികൊണ്ടും, വജ്രത്തിന്റെ മുനകൊണ്ടും | യിരെ. 17:1 |
| 4. | ശപിക്കപ്പെട്ടവൻ | യിരെ. 17:5 |
| 5. | ബെൻ-ഹിന്നോം | യിരെ. 19:2 |
| 6. | യിസ്രായേൽ | യിരെ. 3:6 |
| 7. | മനശ്ശെ | യിരെ. 15:4 |
| 8. | യിസ്രായേൽ ഗൃഹം | യിരെ. 9:26 |
| 9. | സീയോൻ പുത്രിയുടെ | യിരെ. 4:31 |
| 10. | യെഹോയാക്കീം | യിരെ. 26:23 |
| 11. | മിത്ഥ്യാമൂർത്തികൾക്ക് | യിരെ. 18:15 |
| 12. | പ്രവാചകന്മാരെക്കുറിച്ച് | യിരെ. 23:15 |
| 13. | തെക്കോവയിൽ | യിരെ. 6:1 |
| 14. | കാട്ടുകഴുത | യിരെ. 14:6 |
| 15. | പശ്ഹൂർ പുരോഹിതൻ | യിരെ. 20:2 |
| 16. | തിത്തിരിപ്പക്ഷി | യിരെ. 17:11 |
| 17. | പ്രവാചകന്മാരും, പുരോഹിതന്മാരും | യിരെ. 6:13 |
| 18. | ഗിലെയാദിൽ | യിരെ. 8:22 |
| 19. | അനാഥോത്തുകാർ | യിരെ. 11:21 |
| 20. | യഹൂദാരാജാവിന്റെ | യിരെ. 22:6 |



Rev. Abraham Thomas, President, Logos College of Theology releasing the hymnal Punaragamana Geethangal. The songs (111 in all) are composed by Mrs. Annamma Charles John, Founder-Editor of Christhava Vanitha and Co- founder, Director of Good News Ministries.

Pastor O. S. Sunny former Pastor of First Baptist Church of Trivandrum receiving the first copy of the song book in the presence of Dr. Charles John.

Dr. Charles John is presenting a copy of the songbook Punaragamana Geethangal to Rev. Abraham Thomas






ഗുഡ്ന്യൂസ് മിനിസ്ട്രീസിന്റെ സംഗീത വിഭാഗമായ ഗുഡ്ന്യൂസ് ഓഡിയോ പ്രസിദ്ധപ്പെടുത്തിയ പതിനൊന്ന് കസെറ്റ് / സിഡി കളിലുമായി അടങ്ങിയിരിക്കുന്ന 111 ഗാനങ്ങളാണ് പുനരാഗമനഗീതങ്ങൾ എന്ന ഈ പാട്ടുപുസ്തകത്തിലെ ഉള്ളടക്കം. ക്രൈസ്തവ വനിത സ്ഥാപക എഡിറ്ററും ഗുഡ്ന്യൂസ് മിനിസ്ട്രീസ് സഹസ്ഥാപകയും മുൻ ഡയറക്ടറുമായിരുന്ന ശ്രീമതി അന്നമ്മ സി. ജോൺ രചിച്ച ഗാനങ്ങളാണിവ.

പാട്ടുപുസ്തകം ആവശ്യമുള്ളവർ

ഗുഡ്ന്യൂസ്, ആക്കുളം റോഡ്
തിരുവനന്തപുരം 695 011

എന്ന വിലാസത്തിലോ
ടെലിഫോൺ : 0471 2448079
നമ്പറിലോ ബന്ധപ്പെടുക


Published by Dr. Charles John, Good News, Akkulam Road, Trivandrum 695 011
Printed at Grace Printers, Muttada. Mob: 9447059891